# രക്ഷയുടെ പാതയിൽ

സീറോ മലബാർ സഭയുടെ
വിശ്വാസ പരിശീലന പാഠാവലി

## അദ്ധ്യാപക സഹായി

സ്റ്റാൻഡേർഡ് – 10

# സഭ പ്രേഷിത സമൂഹം

*Prepared & Published by*

**SYRO-MALABAR CATECHETICAL CENTRE**
**MOUNT ST. THOMAS, KAKKANAD, KOCHI- 30**

*Title :*
**SABHA PRESHITHA SAMOOHAM**
**(Malayalam)**

*Text Prepared & Published by*
SYRO-MALABAR CATECHETICAL CENTRE
MOUNT ST. THOMAS, KAKKANAD, KOCHI- 30

*Distributed by*
SMCC, MOUNT ST. THOMAS
KAKKANAD, KOCHI-30

*Printed at*

Year of Publication 2011
Price : Rs. 15/-

# ആമുഖം

നിങ്ങൾ നന്നേ ചെറുപ്പത്തിൽ വിശ്വാസ പരിശീലനക്ലാസ്സിൽ പഠിച്ചിരുന്ന നാളുകളെക്കുറിച്ച് ഓർമ്മിക്കുവാൻ കഴിയുമോ? അവിടെ നിങ്ങൾ ഏറ്റവും ഇഷ്ടപ്പെട്ട കാര്യങ്ങൾ എന്തൊക്കെയായിരുന്നു? അവയെല്ലാം ഇന്ന് നിങ്ങൾ പഠിപ്പിക്കുന്ന കുട്ടികൾക്കും നൽകേണ്ട തല്ലേ? സൺഡേ സ്കൂളിൽ നിന്ന് നിങ്ങൾക്ക് ഉണ്ടായിട്ടുള്ള സന്തോഷാനുഭവങ്ങൾ ഓർമ്മയില്ലേ? അത്തരം അനുഭവങ്ങൾ ഇന്നത്തെ കുട്ടികൾക്കും നൽകണ്ടേ?

അക്കാലത്ത് നിങ്ങൾക്ക് പ്രയാസമുണ്ടാക്കിയ കാര്യങ്ങൾ ഓർക്കുന്നുണ്ടോ? വിശ്വാസപരിശീലനം നേടുന്നതിലുള്ള താൽപര്യം കുറയ്ക്കുന്ന എന്തെങ്കിലും അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടോ? എങ്കിൽ അവയൊന്നും നമ്മുടെ കുട്ടികൾക്ക് ഉണ്ടാകാതെ നോക്കേണ്ടതല്ലേ?

നിങ്ങളുടെ മുന്നിലിരിക്കുന്ന പത്താം ക്ലാസ്സിലെ കുട്ടികൾക്ക് ശരിയായ വിശ്വാസപരിശീലനം നൽകാനുള്ള പരിശ്രമത്തിൽ മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് പ്രാധാന്യമുണ്ട്.

ഒപ്പം മറ്റൊരു കാര്യവും കൂടി ഓർമ്മിക്കണം. കാലം മാറിക്കൊണ്ടിരിക്കുകയാണ്. കുട്ടികളുടെ ജീവിതസാഹചര്യങ്ങളിലും അനുഭവങ്ങളിലും അഭിരുചികളിലും മാറ്റങ്ങൾ ഏറെയുണ്ട്. അതു പരിഗണിച്ചാലേ മതിയാവൂ. അതേസമയം മാറ്റങ്ങളുടെ ലോകത്ത് മാറ്റമില്ലാത്ത ദൈവത്തെയും മാറ്റം വരാത്ത ക്രിസ്തീയ സത്യങ്ങളെയും കുട്ടികളിൽ ഉറപ്പിക്കുകയാണ് വിശ്വാസപരിശീലനത്തിന്റെ ലക്ഷ്യം. അതിന് ഉപകരിക്കുന്ന പുതിയ പാഠപുസ്തകമാണ് നിങ്ങൾക്ക് പഠിപ്പിക്കാനുള്ളത്. പാഠപുസ്തകത്തോടൊപ്പം അധ്യാപകർക്കായി പ്രത്യേകം തയ്യാറാക്കിയ അധ്യാപകസഹായിയാണ് നിങ്ങളുടെ കൈയ്യിലുള്ളത്. കഴിവുകൾ വളർത്തിയും കുറവുകൾ പരിഹരിച്ചും നല്ലൊരു അധ്യാപകൻ/അധ്യാപിക ആയിത്തീരാൻ ഇതു നിങ്ങളെ സഹായിക്കും.

# അധ്യാപകസഹായി എന്ത്? എന്തിന്?

## ഒരു അദ്ധ്യാപക സഹായി

- പാഠപുസ്തകത്തിന്റെ അനുബന്ധമാണ്
- അധ്യാപകന്റെ വഴികാട്ടിയാണ്
- പാഠങ്ങളുടെ വ്യാഖ്യാന രൂപമാണ്

ഒരു അധ്യാപകസഹായി പലവിധത്തിൽ അധ്യാപകന്/അധ്യാപികയ്ക്ക് ഉപകരിക്കുന്നു:

- ➢ പാഠങ്ങൾ ശരിയായി മനസ്സിലാക്കാൻ
- ➢ പാഠങ്ങൾ നേരായ മാർഗ്ഗത്തിൽ പഠിപ്പിക്കാൻ
- ➢ പാഠങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾ സ്വയം ദൂരീകരിക്കാൻ
- ➢ കുട്ടികളുടെ സംശയങ്ങൾക്ക് തൃപ്തികരമായ മറുപടി നൽകാൻ
- ➢ ക്ലാസ്സിലെ പ്രവർത്തനങ്ങൾ ശരിയായി സംഘടിപ്പിക്കാൻ
- ➢ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ
- ➢ പാഠപുസ്തകം പൂർണ്ണമായി ഉപയോഗപ്പെടുത്താൻ
- ➢ അധിക വിവരങ്ങൾ ശേഖരിക്കാൻ
- ➢ സ്വന്തം അധ്യാപനരീതികളെ മെച്ചപ്പെടുത്താൻ
- ➢ പുതിയ പാഠപുസ്തകത്തിന്റെ സമീപനം ഉൾക്കൊണ്ടു നടപ്പിലാക്കാൻ

### അധ്യാപനവുമായി ബന്ധപ്പെട്ട മൂന്ന് പ്രധാന ചോദ്യങ്ങളുണ്ട്

1. എന്താണ് പഠിപ്പിക്കേണ്ടത്? എന്ത് ലക്ഷ്യത്തോടെയാണ് പഠിപ്പിക്കേണ്ടത്?
2. ആരെയാണ് പഠിപ്പിക്കേണ്ടത്?
3. എങ്ങനെയാണ് പഠിപ്പിക്കേണ്ടത്?

വിശ്വാസപരിശീലനപ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ അധ്യാപകരും ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടതാണ്.

**1. വിശ്വാസപരിശീലനം എന്തെന്ന് അറിയണം.**

മാമ്മോദീസ സ്വീകരിച്ചവരെ ക്രിസ്തീയ വിശ്വാസത്തിന്റെ പക്വതയിലേക്കും ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേക്കും നയിച്ചുകൊണ്ട് ക്രിസ്തുവിൽ വളരുവാൻ സഹായിക്കുകയാണ് വിശ്വാസപരിശീലനത്തിന്റെ അടിസ്ഥാന ലക്ഷ്യം. ഇതിനായി വിശ്വാസത്തിന്റെ അറിവിലേക്കും അനുഭവത്തിലേക്കും ജീവിത

ത്തിലേയ്ക്കും കുട്ടികൾക്ക് വഴികാട്ടുകയാണ് ശരിയായ വിശ്വാസപരിശീലനം. "മിശിഹാ നിങ്ങളിൽ രൂപപ്പെടുവോളം ഞാൻ ഈറ്റുനോവനുഭവിക്കുന്നു" എന്ന വി. പൗലോസിന്റെ തീക്ഷ്ണതയാവണം വിശ്വാസപരിശീലനത്തിന്റെ പ്രചോദനഹേതു.

## 2. കുട്ടികളെ അറിയണം

നാം പഠിപ്പിക്കേണ്ടതും വിശ്വാസപരിശീലനം നൽകേണ്ടതും കുട്ടികൾക്കാണ്. അവരെ നാം ശരിയായി മനസ്സിലാക്കണം. കുട്ടികളുടെ പ്രായം, പ്രകൃതം, കഴിവുകൾ, കുറവുകൾ, താൽപര്യങ്ങൾ, സാധ്യതകൾ എന്നിവയെല്ലാം അറിയണം.

കുട്ടികളുടെ കഴിവുകളെക്കുറിച്ച് ഒന്നോർത്തു നോക്കൂ. അവർക്ക് എന്തെല്ലാം ചെയ്യാൻ കഴിയും?

- ചിരിക്കാൻ
- കരയാൻ
- ചിന്തിക്കാൻ
- കാണാൻ
- കേൾക്കാൻ
- ഓടാൻ
- ചാടാൻ
- കളിക്കാൻ
- സംസാരിക്കാൻ ... ഇങ്ങനെ ഒത്തിരിയൊത്തിരി കാര്യങ്ങൾ ചെയ്യാൻ സാധിക്കും.

കുട്ടികളുടെ സംസാരിക്കാനുള്ള കഴിവുമാത്രം പരിഗണിച്ചാലോ? ഏതൊക്കെ വിധത്തിലുള്ള സംസാരരീതികൾ കുട്ടികൾ ക്ലാസ്സിൽ പ്രകടിപ്പിക്കും? നിരവധി കാര്യങ്ങൾ വാമൊഴിയിലൂടെ കുട്ടികൾക്ക് ചെയ്യാനുള്ള കഴിവുണ്ട്? അവയൊന്ന് നമുക്ക് കുറിച്ചുവയ്ക്കാം.

$\frac{1}{12}$ കഥ പറയാൻ
$\frac{1}{12}$ പാട്ടുപാടാൻ
$\frac{1}{12}$ ചോദ്യം ചോദിക്കാൻ
$\frac{1}{12}$ ഉത്തരം പറയാൻ
$\frac{1}{12}$ വിശേഷങ്ങൾ പങ്കുവയ്ക്കാൻ
$\frac{1}{12}$ അറിയാവുന്ന കാര്യങ്ങൾ വിവരിക്കാൻ
$\frac{1}{12}$ ഭാവനാപരമായി ചിന്തിച്ചുപറയാൻ
$\frac{1}{12}$ സംഭവങ്ങളെക്കുറിച്ച് വിവരിക്കാൻ
$\frac{1}{12}$ പരാതികൾ പറയാൻ

- നിർദ്ദേശങ്ങൾ ഉന്നയിക്കാൻ
- ചിത്രം നോക്കി ആശയം പറയാൻ...

**കളിക്കാൻ ഇഷ്ടപ്പെടുന്ന കുട്ടികൾക്ക് അതിലൂടെ സാധിക്കുന്ന ഒത്തിരികാര്യങ്ങളുണ്ട്. അവ എന്തൊക്കെയാവാം?**

- നിർദ്ദേശങ്ങൾ മനസ്സിലാക്കാൻ
- നിയമങ്ങൾ അനുസരിക്കാൻ
- നിയമം തെറ്റിച്ചാൽ പ്രതികരിക്കാൻ
- തെറ്റുകൾ തിരുത്താൻ
- സന്തോഷം പ്രകടിപ്പിക്കാൻ
- വികാരങ്ങൾ പ്രകടിപ്പിക്കാൻ
- സംഘമായി പ്രവർത്തിക്കാൻ
- പ്രവർത്തനങ്ങളിൽ ഉത്സാഹത്തോടെ ഏർപ്പെടാൻ....

കുട്ടികളെക്കുറിച്ച് അറിയാൻ ഇങ്ങനെ ഒട്ടേറെ കാര്യങ്ങളുണ്ട്. അധ്യാപകൻ/അധ്യാപിക അവയെല്ലാം അറിഞ്ഞിരുന്നാൽ അധ്യാപനം കൂടുതൽ അർത്ഥവത്താകും.

കുട്ടികളെ മനസ്സിലാക്കാൻ അധ്യാപകരെ സഹായിക്കുന്ന പല മാർഗ്ഗങ്ങളുണ്ട്.

- ☐ കുട്ടികളുമായുള്ള ഇടപെടൽ
- ☐ സൂക്ഷ്മനിരീക്ഷണം
- ☐ ശിശുമനഃശാസ്ത്രത്തിലുള്ള അറിവ്
- ☐ അത്തരം പുസ്തകങ്ങളുടെ വായന

### 3. പഠനരീതി അറിയണം

പുതിയ കാലം, പുതിയ കുട്ടികൾ, പുതിയ പാഠപുസ്തകം... ഇങ്ങനെയൊരു പുതിയ സാഹചര്യത്തിൽ പുത്തൻപഠനരീതികൾ നാം കുട്ടികൾക്ക് നൽകണം. അധ്യാപനത്തിൽ നൂതനമാർഗ്ഗങ്ങൾ സ്വീകരിക്കണം.

നേരത്തെ നാം കണ്ടതുപോലെ നാനാതരം കഴിവുകൾ ഓരോ കുട്ടിയിലുമുണ്ട്. അവ യഥോചിതം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പഠനസമ്പ്രദായമാണ് വേണ്ടത്. കളിക്കാനും പ്രവർത്തിക്കാനും ഉത്സാഹമുള്ള കുട്ടികൾക്ക് നാം അതിനവസരം നൽകണം. ഈ വിചാരത്തോടെയാണ് പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

കേൾക്കാൻ മാത്രമല്ല, പറയാനും കാണാനും വരയ്ക്കാനും എഴുതാനും കളിക്കാനും ഒക്കെ പറ്റിയ നിരവധി പ്രവർത്തനങ്ങൾ

പാഠപുസ്തകത്തിലുണ്ട്. അവയൊന്നും നിസ്സാരങ്ങളല്ല. ലളിതമാണെങ്കിലും ഓരോ പ്രവർത്തനത്തിലൂടെയും നമ്മുടെ വിശ്വാസത്തിന്റെ വിവിധ അംശങ്ങളാണ് കുട്ടികൾ നേടുന്നത്. ഈശോയെയും അവിടുന്ന് നൽകുന്ന രക്ഷയേയും കുട്ടികൾക്ക് നൽകാനുള്ള പരിശ്രമത്തിൽ കഴിവുള്ള എല്ലാ മാർഗ്ഗങ്ങളും നാം ഉപയോഗിക്കേണ്ടതാണ്. അതിനുവേണ്ടി പുതിയ ബോധനരീതികൾ ഗ്രഹിക്കാൻ വിശ്വാസപരിശീലകർ തയ്യാറാകണം. ഇക്കാര്യത്തിൽ അധ്യാപകർക്ക് ഒരളവുവരെ സഹായമേകാൻ ഈ അധ്യാപിക സഹായിക്കു കഴിയും. കിട്ടാവുന്ന ഇടങ്ങളിൽ നിന്നൊക്കെ അധ്യാപനരീതികളിലുള്ള അറിവും പരിചയവും അധ്യാപകൻ നേടിയെടുക്കാൻ ശ്രമിക്കേണ്ടതുമാണ്.

## പ്രവർത്തനങ്ങളുടെ സവിശേഷതകൾ

വിശ്വാസപരിശീലനക്ലാസ്സിൽ അവതരിപ്പിക്കുന്ന ഏതു പ്രവർത്തനവും വിജയിക്കണമെങ്കിൽ അതിന് ചില സവിശേഷതകൾ ഉണ്ടാകണം. എങ്കിലേ അതുകൊണ്ട് ഫലം കിട്ടുകയുള്ളൂ.

എന്തൊക്കെയാവും ആ സവിശേഷതകൾ?

പഠനത്തിനുവേണ്ടി നാം നൽകുന്ന ഒരു പ്രവർത്തനം-

$\frac{1}{12}$ കുട്ടികളിൽ താൽപര്യം ഉണ്ടാക്കുന്നത്

$\frac{1}{12}$ കുട്ടികളുടെ പ്രകൃതത്തിന് ചേർന്നത്

$\frac{1}{12}$ കുട്ടികൾക്ക് സ്വാതന്ത്ര്യം നൽകുന്നത്

$\frac{1}{12}$ ഒരു ലക്ഷ്യത്തെ മുൻനിറുത്തിയുള്ളത്

$\frac{1}{12}$ വിഷയവുമായി ബന്ധമുള്ളത്

$\frac{1}{12}$ സമയബന്ധിതമായി ചെയ്യാവുന്നത്

$\frac{1}{12}$ കുട്ടികളുടെ നിലവാരത്തിന് യോജിക്കുന്നത്

$\frac{1}{12}$ കുട്ടികളിൽ വെല്ലുവിളി ഉയർത്തുന്നത്

$\frac{1}{12}$ അധ്യാപകന്/അധ്യാപികയ്ക്ക് വിലയിരുത്തുവാൻ കഴിയുന്നത് ആയിരിക്കണം.

പാഠപുസ്തകത്തിലെയും അധ്യാപകസഹായിയിലെയും പ്രവർത്തനങ്ങൾ കുട്ടികൾക്കു നൽകുമ്പോഴും പുതിയ പ്രവർത്തനങ്ങൾ അധ്യാപകർ കണ്ടെത്തുമ്പോഴും ഇപ്പറഞ്ഞ സവിശേഷതകൾ ഓർമ്മയിൽ സൂക്ഷിക്കണം.

## അധ്യാപകൻ/അധ്യാപിക പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. എല്ലാ കുട്ടികൾക്കും പാഠപുസ്തകം ഉണ്ടെന്ന് ഉറപ്പുവരുത്തണം. അതു തുടക്കത്തിലെ വാങ്ങാൻ നിർദ്ദേശിക്കുകയും വേണം.

2. പാഠപുസ്തകത്തിൽ വരയ്ക്കാനും എഴുതാനുമുള്ള കാര്യങ്ങൾ ക്ലാസ്സിൽ വച്ചുമാത്രം ചെയ്യാനുള്ളതാണ്. ഇക്കാര്യം മുൻകൂട്ടി കുട്ടികളെ ബോധ്യപ്പെടുത്തണം. അധ്യാപകന്റെ/ അധ്യാപികയുടെ നിർദ്ദേശാനുസരണം മാത്രമേ കുട്ടി പാഠപുസ്തകം ഉപയോഗിക്കാവൂ.

3. കുട്ടികൾക്ക് വീട്ടിൽ വച്ച് ചെയ്യാനുള്ള അധിക പ്രവർത്തനങ്ങൾ നൽകാവുന്നതാണ്. അത് വ്യക്തമായി പറഞ്ഞുവിടണം. അങ്ങനെ വരയ്ക്കാനും എഴുതുവാനും ചിത്രങ്ങൾ ഒട്ടിക്കാനുമൊക്കെ പ്രത്യേകം നോട്ടുബുക്ക് കുട്ടികൾക്ക് ഉണ്ടായിരിക്കുന്നത് നല്ലതാണ്. അധ്യാപകന്റെ/ അധ്യാപികയുടെ താൽപര്യം പോലെ, സാഹചര്യങ്ങൾ കണക്കിലെടുത്ത് ഇക്കാര്യം ചെയ്യേണ്ടതാണ്.

## പാഠത്തിലേക്ക് പ്രവേശിക്കുമ്പോൾ

വിശ്വാസപരിശീലനത്തെക്കുറിച്ചും കുട്ടികളെക്കുറിച്ചും പുതിയ പഠനരീതിയെക്കുറിച്ചുമൊക്കെ നാം മനസ്സിലാക്കി. ഇനി ഓരോ പാഠവും പ്രത്യേകമായി വിശകലനം ചെയ്യുകയാണ്. പാഠങ്ങളുടെ വിശകലനത്തിൽ പ്രത്യേകമായൊരു രൂപഘടന സ്വീകരിച്ചിട്ടുമുണ്ട്. അതു താഴെപ്പറയും വിധമാണ്.

### 1. കുട്ടികൾ സ്വായത്തമാക്കേണ്ടവ

ഒരു പാഠത്തിലൂടെ കുട്ടി നേടിയിരിക്കേണ്ട ഉദ്ദേശ്യങ്ങൾ തന്നെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. അവയെ മൂന്നായി തിരിച്ച് അവതരിപ്പിക്കുന്നു. ഒരു പാഠം കുട്ടികൾ പഠിച്ചുകഴിയുമ്പോൾ എന്തൊക്കെ അവർ സ്വന്തമാക്കിയിരിക്കണമെന്ന് അധ്യാപകന്/അധ്യാപികയ്ക്ക് വ്യക്തമാകുന്നു. ചോദ്യോത്തരങ്ങൾക്കും പ്രവർത്തനങ്ങൾക്കും അപ്പുറത്ത് കുട്ടികളുടെ വിശ്വാസപരിശീലനത്തിന് ഇപ്പറഞ്ഞ കാര്യങ്ങൾ സ്വായത്തമാക്കിയേ മതിയാവൂ.

- ☐ ബോധ്യങ്ങൾ
- ☐ മനോഭാവങ്ങൾ
- ☐ ശീലങ്ങൾ

എന്നിങ്ങനെ വേർതിരിച്ച് നൽകിയിരിക്കുന്ന കാര്യങ്ങൾ കുട്ടികൾക്ക് പകരാനാണ് നാം മറ്റുകാര്യങ്ങളെല്ലാം ചെയ്യുന്നത്.

### 2. അധ്യാപകൻ/അധ്യാപിക കരുതേണ്ട ബോധനോപാധികൾ

ഓരോ പാഠവും നന്നായി അവതരിപ്പിക്കുന്നതിന് ചില പഠനോപകരണങ്ങൾ ആവശ്യമാണ്. അധ്യാപകസഹായിയിൽ ചേർത്തിരിക്കുന്നവ കൂടാതെ യുക്തമെന്നു തോന്നുന്നവ, ലഭ്യമാണെങ്കിൽ ഉപയോഗിക്കുന്നത് കൂടുതൽ പ്രയോജനകരമായിരിക്കും. അതിനുള്ള ഒരു

മാർഗ്ഗനിർദ്ദേശമായി മാത്രം ഇതിലെ സൂചനകൾ കണക്കാക്കിയാൽ മതി.

ഗാനങ്ങൾ, കഥകൾ, കളികൾ, നാടകരൂപങ്ങൾ തുടങ്ങിയവയൊക്കെ ചില പാഠങ്ങളിൽ ആവശ്യമായി വരും. അവയെല്ലാം മനസ്സിലെങ്കിലും തയ്യാറാക്കിയേ ക്ലാസ്സിൽ പോകാവൂ. അവയും ബോധനോപാധികൾ തന്നെയാണ്.

### 3. പാഠാവതരണം

ഓരോ പാഠവും എങ്ങനെ അവതരിപ്പിക്കണം, എവിടെ തുടങ്ങണം, എന്തെല്ലാം കാര്യങ്ങൾ ഉൾക്കൊള്ളിക്കണം എന്നൊക്കെ വിവരിക്കുന്ന ഭാഗമാണിത്. പാഠം തുടക്കം മുതൽ ഒടുക്കം വരെ വായിച്ച് അവതരിപ്പിക്കുന്ന രീതി എന്തായാലും ഒഴിവാക്കണം. കുട്ടികൾക്ക് ആകർഷകമായ വിധത്തിൽ പാഠം തുടങ്ങാനും തുടരാനും അവസാനിപ്പിക്കുവാനും കഴിയണം. അതിനുള്ള ചില സൂചനകൾ പാഠാവതരണഭാഗത്ത് നൽകുന്നുണ്ട്. അവയെക്കാൾ നല്ലതെന്നു തോന്നുന്നവ കണ്ടെത്തിയാൽ അത് ഉപയോഗിച്ചാൽ മതി. ഏറ്റവും കൂടുതൽ ഒരുക്കം ആവശ്യമുള്ള കാര്യമാണ് പാഠവതരണമെന്ന് മറക്കരുത്.

കഥപറച്ചിൽ, ചിത്രവായന, അഭിനയം, റോൾപ്ലേ, പാട്ടുകൾ, സംഭാഷണം, ഗ്രൂപ്പുപ്രവർത്തനം തുടങ്ങി ഏതുവിധത്തിലും പാഠാവതരണമാകാം. അധ്യാപകന്/അധ്യാപികയ്ക്ക് താൽപര്യവും കഴിവുമുള്ള ഉപാധികൾ ഉപയോഗിച്ചാൽ കൂടുതൽ കാര്യക്ഷമമാകും. കുട്ടികളെ ഈ വിധ പ്രവൃത്തികളിൽ ഉൾപ്പെടുത്തിക്കൊണ്ടും പാഠം അവതരിപ്പിക്കാവുന്നതാണ്.

### 4. പാഠബന്ധിത പ്രവർത്തനങ്ങൾ

പാഠപുസ്തകത്തിലെ എല്ലാ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള നിർദ്ദേശങ്ങൾ ചേർത്തിരിക്കുന്നു. ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളും നൽകിയിട്ടുണ്ട്. അത് കണ്ടെത്തി എഴുതാനും സ്വയമേവ എഴുതാനുമുള്ളത് കുട്ടികൾ തനിച്ച് എഴുതട്ടെ. അവർക്ക് സഹായം നൽകിയാൽ മതി. അധ്യാപക സഹായിയിലെ വാക്കുകളോ, വാക്യങ്ങളോ തന്നെ കുട്ടികൾ എഴുതിക്കാണണമെന്ന് നിർബന്ധം പാടില്ല. ആവശ്യമുള്ളിടത്ത് കുട്ടികളെ സഹായിക്കാൻ അധ്യാപകർക്ക് നൽകിയിട്ടുള്ള സൂചനകൾ മാത്രമായി അവയെ കണ്ടാൽ മതി. കുട്ടികൾക്ക് പൂർത്തിയാക്കാൻ പറ്റാത്തവ അധ്യാപകസഹായി നോക്കി, അധ്യാപകന്/അധ്യാപികയ്ക്ക് പറഞ്ഞുകൊടുക്കാൻ കഴിയുമല്ലോ. ഓരോ പാഠത്തിലെയും മുഴുവൻ പ്രവർത്തനങ്ങളും നിർബന്ധമായും ചെയ്തിരിക്കണം.

### 5. അനുബന്ധിത പ്രവർത്തനങ്ങൾ

പാഠങ്ങളിൽ ഇല്ലാത്തതും അവയോടു കൂട്ടിച്ചേർക്കാവുന്നതുമായ പ്രവർത്തനങ്ങളാണിവ. ഇവയോരോന്നും അധ്യാപകന്റെ/അധ്യാപികയുടെ

ഇഷ്ടാനുസരണം സ്വീകരിക്കാവുന്നതാണ്. സന്ദർഭത്തിന് ഇണങ്ങുംവിധം കഴിവുള്ളിടത്തോളം അനുബന്ധിത പ്രവർത്തനങ്ങൾ നൽകുന്നതാണ് നല്ലത്. അധ്യാപക സഹായിയിൽ ചേർക്കാത്ത പ്രവർത്തനങ്ങൾ കിട്ടുമെങ്കിൽ അവയും ക്ലാസ്സിൽ ഉപയോഗിക്കാം. കൂടുതൽ ചോദ്യങ്ങൾ പാഠഭാഗത്തുനിന്നും തയ്യാറാക്കി ചേർത്തിട്ടുണ്ട്. അവയുടെ ഉത്തരങ്ങൾ കണ്ടെത്തി കുട്ടികൾക്ക് നൽകുന്നത് നല്ലതാണ്. അനുബന്ധിത പ്രവർത്തനങ്ങളെല്ലാം തന്നെ അധ്യാപകന്റെ/അധ്യാപികയുടെ മനോഭാവത്തിനനുസൃതമായി ചെയ്യേണ്ടതാണെന്ന് ഓർമ്മിക്കുക.

## ഓരോ പാഠത്തിലും ഓർമ്മിക്കേണ്ട കാര്യങ്ങൾ

1. ഓരോ പാഠവും രണ്ട് ദിവസം (2 ഞായറാഴ്ചകൾ) കൊണ്ട് പഠിപ്പിച്ചുതീർക്കണം എന്നാണ് വിഭാവനം ചെയ്തിരിക്കുന്നത്. അതിനാൽ ഓരോ പാഠത്തിലെയും കാര്യങ്ങൾ രണ്ടായി വിഭജിച്ച് ഒരുങ്ങുന്നതാണ് സൗകര്യം.

2. പ്രവർത്തനങ്ങൾ എല്ലാം തന്നെ കുട്ടികൾ ചെയ്യേണ്ടത് ക്ലാസ്സിൽ വച്ചാണ്. അതിനുള്ള സമയം രണ്ടുദിവസങ്ങളിലായി ലഭിക്കും.

ഓരോന്നും ചെയ്യാനുള്ള നിർദ്ദേശങ്ങൾ വ്യക്തമായും കൃത്യമായും നൽകണം. വീട്ടിൽ വച്ച് മതാപിതാക്കളുടെ സഹായത്തോടെ ചെയ്യേണ്ടവ ഉണ്ടെങ്കിൽ അത് രണ്ടാം ദിവസം ചെയ്തുകൊണ്ടുവരത്തക്കവിധം ഒന്നാംദിവസം തന്നെ കുട്ടികളോടു പറഞ്ഞുവിടണം.

3. മനഃപാഠമാക്കാൻ കൊടുത്തിട്ടുള്ളവ കഴിവതും ക്ലാസ്സിൽ വച്ചു തന്നെ ചെയ്യിക്കുക. ഒന്നോ രണ്ടോ തവണ വായിച്ചുകൊടുക്കാം. ഒറ്റയ്ക്കും ഗ്രൂപ്പായും വായിച്ചു പഠിക്കാൻ നിർദ്ദേശിക്കാം. മനഃപാഠമാക്കി ചൊല്ലിക്കേൾപ്പിക്കുന്നവർക്ക് ചെറിയ സമ്മാനങ്ങളോ കൈയ്യടിയോ മറ്റെന്തെങ്കിലും അംഗീകാരമോ നൽകാം. ആദ്യമാദ്യം പഠിച്ചു കേൾപ്പിക്കാൻ പ്രചോദനം നൽകുന്നത് നല്ലതാണ്.

4. എന്റെ തീരുമാനം എന്നപേരിൽ കൊടുത്തിരിക്കുന്നവ കുട്ടിയിൽ രൂപപ്പെടേണ്ട മനോഭാവങ്ങളോ ശീലങ്ങളോ ആണ്. ഓരോ പാഠത്തിലെയും എന്റെ തീരുമാനം കുട്ടികൾക്ക് വിശദമാക്കിക്കൊടുക്കണം. അത് അവരുടെ തീരുമാനമാക്കി മാറ്റണം. പിറ്റേ ആഴ്ചയിൽ തീരുമാനം എത്രത്തോളം നടപ്പിലാക്കി എന്ന് അന്വേഷിക്കണം.

5. ബൈബിൾ വായന, എന്റെ ബൈബിൾ വാക്യം എന്ന പ്രവർത്തനം കുട്ടികളുടെ ബൈബിൾ പഠനവും പാരായണവും വളർത്താനുള്ളതാണ്. ബൈബിൾ വായിച്ച്, ഇഷ്ടപെട്ട വാക്യം എഴുതിക്കൊണ്ടുവരാനുള്ള നിർദ്ദേശം ഒന്നാം ദിവസം നൽകണം. രണ്ടാം ദിവസം അതു പരിശോധിക്കുകയും വേണം. ഒന്നാം പാഠം പഠിപ്പിക്കുമ്പോൾ അധ്യാപകൻ/അധ്യാപിക സമ്പൂർണ്ണ ബൈബിൾ ക്ലാസ്സിൽ കൊണ്ടുപോയി ഉൽപത്തി 1:26-31 ഭാഗം വായിച്ചു കേൾപ്പിക്കണം. അതിൽ നിന്ന് ഇഷ്ടപ്പെട്ട ഒരു വാക്യം ഓരോ കുട്ടിയോടും ചോദിച്ച്

അത് എഴുതാൻ ആവശ്യപ്പെടണം. ഇതുപോലെ മറ്റുപാഠങ്ങളിൽ മാതാപിതാക്കളുടെ സഹായത്തോടെ കുട്ടികൾ വായിച്ച് എഴുതണം.

## ഓർമ്മിക്കാൻ മൂന്നുകാര്യങ്ങൾ കൂടി

1. ഈ അധ്യാപനസഹായി പൂർണ്ണമായി ശ്രദ്ധാപൂർവ്വം വായിക്കണം. ഓരോ പാഠവിശകലനവും വായിച്ചു മനസ്സിലാക്കണം.

2. ഓരോ പാഠവും പഠിപ്പിക്കുന്നതിനുമുമ്പായി അതാത് പാഠവിശകലനത്തിന്റെ സഹായത്തോടെ നല്ല ഒരുക്കം നടത്തണം. പാഠാസൂത്രണം നന്നായാൽ ക്ലാസ്സെടുക്കാൻ ഏറെ എളുപ്പമാകും. എന്തെല്ലാം കാര്യങ്ങൾ, ഏതു വിധത്തിൽ കുട്ടികൾക്കു നൽകണം. എന്തെല്ലാം പ്രവൃത്തികൾ അവരെക്കൊണ്ടുചെയ്യിക്കണം എന്നെല്ലാം മുൻകൂട്ടി തീരുമാനിക്കുന്നതാണ് ആസൂത്രണം.

3. പാഠാസൂത്രണത്തിൽ തീരുമാനിച്ച് കാര്യങ്ങൾ ഒരു നോട്ടുബുക്കിൽ എഴുതിവച്ചാൽ എളുപ്പമായി. അതുനോക്കി ക്ലാസ്സ് നയിക്കാം. ഓരോ അധ്യാപകനും അധ്യാപികയ്ക്കും സൗകര്യമെന്നു തോന്നുന്ന വിധത്തിൽ എഴുതിയാൽ മതി. പാഠക്കുറിപ്പുകൾ എഴുതിശീലിക്കുന്നത് കൂടുതൽ നന്നായി ഒരുങ്ങാൻ ഇടവരുത്തും. പലയിടത്തുനിന്നായി ലഭിക്കുന്ന അധിക വിവരങ്ങളും പ്രവർത്തനങ്ങളും ഈ ബുക്കിൽ എഴുതാനും കഴിയും.

## 1

# സഭ സ്വഭാവത്താലെ പ്രേഷിത

## I ആമുഖം

സഭ സ്വഭാവത്താലെ പ്രേഷിതയാണ്. ഉത്ഥിതനായ നാഥൻ സ്വർഗാരോഹണത്തിനു മുൻപായി ശിഷ്യരെ ഏൽപിച്ച പ്രഥമവും പ്രധാനവുമായ ദൗത്യമാണ് സുവിശേഷപ്രഘോഷണം. മാമ്മോദീസായിലൂടെ സഭയിലെ അംഗങ്ങളായിത്തീർന്ന ഓരോ വ്യക്തിയും സഭയുടെ ഈ പ്രേഷിതദൗത്യത്തിൽ പങ്കുകാരാക്കപ്പെടുന്നു. ഈ വസ്തുതകൾ വ്യക്തമാകത്തക്കവിധമാണ് ക്ലാസ് നയിക്കേണ്ടത്.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ പിതാവിനാൽ അയയ്ക്കപ്പെട്ട ഈശോയാണ് പ്രഥമപ്രേഷിതൻ.
- ❖ ഈശോമിശിഹായാൽ അയയ്ക്കപ്പെട്ടവളാണ് സഭ.
- ❖ സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യമാണ് സുവിശേഷപ്രഘോഷണം
- ❖ സുവിശേഷം ശ്രവിക്കുന്നവരെ അതു സ്വീകരിക്കാൻ സന്നദ്ധരാക്കുന്നത് പരിശുദ്ധാത്മാവാണ്.
- ❖ ഈശോയിൽ നിന്ന് പ്രേഷിതദൗത്യം സ്വീകരിച്ച സഭ അവിടുത്ത രക്ഷാകരപദ്ധതിയിൽ സഹകരിച്ച് മനുഷ്യരെ രക്ഷയിലേയ്ക്കു നയിക്കുന്നതിനാൽ സഭ രക്ഷയുടെ കൂദാശയാണ്.
- ❖ സകലജനതകളെയും സുവിശേഷമറിയിക്കുക, അവർക്ക് ജ്ഞാനസ്നാനം നൽകുക, അവിടുന്ന് കല്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുക, അവിടുത്തെ സ്നേഹത്തിനു സാക്ഷ്യം വഹിക്കുക എന്നിവയായിരുന്നു ഈശോ ശിഷ്യരിലൂടെ സഭയെ ഏല്പിച്ച ദൗത്യങ്ങൾ.

❖ സഭ സ്വഭാവത്താലെ പ്രേഷിതയായതിനാൽ സഭാംഗങ്ങളെല്ലാവരും പ്രേഷിതരാണ്.

## b) മനോഭാവം

❖ തങ്ങളുടെ പ്രേഷിതദൗത്യത്തെക്കുറിച്ചുള്ള അവബോധം.

❖ മറ്റുള്ളവരുമായി ദൈവവചനം പങ്കുവയ്ക്കുവാനുള്ള താല്പര്യം.

## c) ശീലം

❖ ഈശോയെക്കുറിച്ച് മറ്റുള്ളവരോട് പറയുന്നു.

❖ പ്രേഷിതപ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർത്ഥിക്കുന്നു.

# III ബോധനോപാധികൾ

ഈശോ ശിഷ്യരെ ദൗത്യമേൽപ്പിക്കുന്ന ദൈവവചനഭാഗത്തിന്റെ ദൃശ്യാവിഷ്കരണം, പിതാവായ ദൈവം ആരംഭിച്ച പ്രേഷിതപ്രവർത്തനത്തിന്റെ തുടർച്ചയാണ് സഭയുടെ പ്രേഷിതപ്രവർത്തനം എന്നു വ്യക്തമാക്കുന്ന ചാർട്ട്, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ.

# IV പാഠാവതരണം

ഈശോ ശിഷ്യന്മാരെ അയയ്ക്കുന്നതിന്റെ ദൃശ്യാവിഷ്കരണത്തോടെ ക്ലാസ് ആരംഭിക്കുന്നു. ചാർട്ടിന്റെ സഹായത്തോടെ പരിശുദ്ധ ത്രിത്വത്തിലെ ഓരോ വ്യക്തിയുടെയും പ്രേഷിതത്വം വിശദമാക്കുന്നു. സഭയുടെ പ്രേഷിതത്വത്തിന്റെ അടിസ്ഥാനം, സഭാമക്കളുടെ പ്രേഷിതദൗത്യം എന്നിവ വിശദമാക്കുന്നു.

# V പാഠബന്ധിത പ്രവർത്തനങ്ങൾ

### ദൈവവചനം വായിക്കാം ധ്യാനിക്കാം

ക്ലാസിൽ ദൈവവചനം ധ്യാനപൂർവം വായിച്ച് സന്ദേശം ഉൾക്കൊള്ളുന്നു.

### ഓർമ്മിക്കാൻ ഒരു തിരുവചനം

വചനം മനഃപാഠമാക്കുന്നു. ഡയറിയിൽ എഴുതിയിടുന്നു.

### നമുക്കു പ്രാർത്ഥിക്കാം

ഒരുമിച്ച് പ്രാർത്ഥിക്കുന്നു. ഈ ആഴ്ചയിലെ എല്ലാ ദിവസവും ഈ പ്രർത്ഥന ചൊല്ലാൻ തീരുമാനിക്കുന്നു.

### എന്റെ തീരുമാനം

മൗനമായി വായിച്ചിട്ട് തീരുമാനം ഉറക്കെ പറയുന്നു.

### സഭയോടൊത്തുചിന്തിക്കാം

സഭാചരിത്രത്തിൽ നവീകരണത്തിന്റെ കാറ്റുവീശിയ സംഭവമായിരുന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ. ഈ കൗൺസിലിൽ പങ്കെടുത്ത പിതാക്കന്മാർ പരിശുദ്ധാത്മാവിന്റെ പ്രകാശത്തിൽ പ്രാർത്ഥനയും പഠനങ്ങളും ചർച്ചകളും വഴി രൂപീകരിച്ച ഔദ്യോഗിക പ്രബോധനങ്ങളാണ് 'രണ്ടാം വത്തിക്കാൻകൗൺസിൽ പ്രമാണരേഖകൾ'. സഭയെക്കുറിച്ചും സഭയുടെ പഠനങ്ങളെക്കുറിച്ചും ആധികാരിക അറിവുനൽകുന്ന ഈ ഗ്രന്ഥം കുട്ടികൾക്കു പരിചിതമാകണം എന്ന ലക്ഷ്യത്തോടെയാണ് ഈ ഭാഗം ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് സാധിക്കുന്നിടത്തോളം കൗൺസിൽ ഡിക്രിയിൽ നിന്നുതന്നെ ഈ ഭാഗം വായിക്കാൻ ശ്രദ്ധിക്കണം.

### ഉത്തരം കണ്ടെത്താം

1. പേജ് 10 ഖണ്ഡിക 1.
2. പേജ് 10 ഖണ്ഡിക 2 മുതൽ പേജ് 12 ഖണ്ഡിക 4 വരെയുള്ള ഭാഗങ്ങളിലെ ആശയം ചുരുക്കി എഴുതുക.
3. പേജ് 13 ഖണ്ഡിക 2.
4. പേജ് 13 ഖണ്ഡിക 3,4.
5. പേജ് 14 'എല്ലാവരും പ്രേഷിതർ' എന്ന ഖണ്ഡികയുടെ അവസാനഭാഗം.

## VI അനുബന്ധിത പ്രവർത്തനങ്ങൾ

1. സഭ ഇന്നു നടത്തിക്കൊണ്ടിരിക്കുന്ന പ്രേഷിതപ്രവർത്തനങ്ങളുടെ ഒരു ചാർട്ട് എഴുതുക.

# 2
# സുവിശേഷപ്രഘോഷണം:
# സഭയുടെ അടിസ്ഥാന ദൗത്യം

## I ആമുഖം

സുവിശേഷപ്രഘോഷണ ഫലമായി രൂപംകൊണ്ട സഭയുടെ അടിസ്ഥാനദൗത്യം സുവിശേഷപ്രഘോഷണമാണ്. പ്രഘോഷണവിഷയമാകട്ടെ ദൈവരാജ്യവും. പ്രസംഗത്തിലൂടെയും ജീവിതസാക്ഷ്യത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും സുവിശേഷം പ്രഘോഷിച്ച സഭയിലെ ശ്ലീഹന്മാരെയും വിശുദ്ധരെയും പരിചയപ്പെടുത്തിക്കൊണ്ട് തങ്ങളുടെ പ്രേഷിതദൗത്യത്തെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ ഉണർത്തുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ ഈശോ തന്റെ ദൗത്യം ആരംഭിക്കുന്നത് ദൈവരാജ്യപ്രഘോഷണത്തോടെയാണ്.
- ❖ ശ്ലീഹന്മാരുടെ പ്രഘോഷണഫലമായാണ് വിവിധ സ്ഥലങ്ങളിൽ സഭാസമൂഹങ്ങൾ രൂപപ്പെട്ടത്.
- ❖ സഭയുടെ പ്രധാനദൗത്യം സുവിശേഷപ്രഘോഷണമാണ്.
- ❖ സഭാമക്കളോടും മറ്റുള്ളവരോടും വചനം പ്രഘോഷിച്ചുകൊണ്ട് സഭ ഈ ദൗത്യം നിറവേറ്റുന്നു.
- ❖ ജീവിതമാതൃക വഴിയുള്ള വചനപ്രഘോഷണത്തിന് പ്രസംഗത്തേക്കാളും സ്വാധീനശക്തിയുണ്ട്.
- ❖ സഭാമക്കളെല്ലാവർക്കും സുവിശേഷപ്രഘോണത്തിനുള്ള കടമയുണ്ട്.

**b) മനോഭാവം**

- ❖ സുവിശേഷപ്രഘോഷണ ദൗത്യത്തെക്കുറിച്ചുള്ള അവബോധം.
- ❖ സുവിശേഷത്തിനു സാക്ഷികളായി ജീവിക്കണമെന്ന ചിന്ത.

**c) ശീലം**

- ❖ അവസരം ലഭിക്കുമ്പോഴെല്ലാം ദൈവവചനം പങ്കുവയ്ക്കുന്നു.
- ❖ സുവിശേഷപ്രഘോഷണ വിജയത്തിനായി പ്രാർത്ഥിക്കുന്നു.

## III ബോധനോപാധികൾ

വിവിധ സഭാസമൂഹങ്ങളുടെയും അവിടെ വചനം പ്രഘോഷിച്ച അപ്പസ്തോലന്മാരുടെയും പേരുകൾ വ്യക്തമാക്കുന്ന ചാർട്ട്, വി. അൽഫോൻസാമ്മ, വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, വി. എവുപ്രാസ്യാമ്മ, വി. മദർതെരേസ, വാഴ്ത്തപ്പെട്ടവരായ മറിയം ത്രേസ്യാ, തേവർപറമ്പിൽ കുഞ്ഞച്ചൻ, തുടങ്ങിയവരുടെ ചിത്രങ്ങൾ, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ.

## IV പാഠാവതരണം

ഈശോ തന്റെ സുവിശേഷപ്രഘോഷണം ആരംഭിക്കുന്ന വിശുദ്ധഗ്രന്ഥഭാഗം വായിച്ച് ചർച്ച ചെയ്തുകൊണ്ട് ക്ലാസ് ആരംഭിക്കുന്നു. ഈശോയുടെ പ്രബോധനം സ്വീകരിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പോയി വചനം പ്രഘോഷിച്ച ശ്ലീഹന്മാരെയും അവരുടെ പ്രവർത്തനങ്ങളെയും കുറിച്ച് ചാർട്ടിന്റെ സഹായത്തോടെ വിശദീകരിക്കുന്നു. വിശുദ്ധരുടെ ചിത്രം കാണിച്ചുകൊണ്ട് അവരുടെ വചനപ്രഘോഷണ രീതി ചർച്ച ചെയ്യുന്നു. അവരെപ്പോലെ വിവിധങ്ങളായ മാർഗങ്ങളിലൂടെ വചനം പ്രഘോഷിക്കുവാനുള്ള സഭാമക്കളുടെ കടമ വിശദമാക്കുന്നു.

## V പാഠബന്ധിത പ്രവർത്തനങ്ങൾ

ഒന്നാം പാഠത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ചെയ്യുന്നു.

**എന്റെ തീരുമാനം**

മൗനമായി വായിച്ചിട്ട് തീരുമാനം ഉറക്കെ പറയുന്നു. കഴിഞ്ഞ ആഴ്ചയിലെ തീരുമാനം എങ്ങനെ നടപ്പാക്കിയെന്ന് പങ്കുവയ്ക്കുന്നു.

**ഉത്തരം കണ്ടെത്താം**

1. പേജ് 16, 17 ലെ ആശയങ്ങൾ അടിസ്ഥാനമാക്കി എഴുതുക.

2. പേജ് 18 'സഭ സുവിശേഷപ്രഘോഷക' എന്ന ഭാഗം.

3. നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള ആനന്ദവും, ദൈവഹിതം നിറവേറ്റപ്പെടുന്ന അവസ്ഥ.

4. പേജ് 19 ഖണ്ഡിക 2,3.

5. സഭയെ നട്ടുപിടിപ്പിക്കുക, സഭാമക്കളെ വിശ്വാസത്തിൽ ആഴപ്പെടുത്തുക.

## VI അനുബന്ധിത പ്രവർത്തനങ്ങൾ

1. സഭയുടെ പ്രേഷിതദൗത്യം വ്യക്തമാക്കുന്ന തിരുവചനങ്ങൾ കണ്ടെത്തി എഴുതുക.

# 3

# ആദിമസഭയുടെ പ്രേഷിതചൈതന്യം

## I ആമുഖം

ആദിമസഭയുടെ ജീവിതശൈലിയേയും പ്രേഷിതചൈതന്യത്തെയും കുറിച്ച് കുട്ടികളിൽ അവബോധം ഉണർത്തുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ ദൈവവചനം ശ്രവിക്കുന്നതിൽ ആദിമസഭ വളരെ താല്പര്യം പുലർത്തി.
- ❖ തിരുവചനശ്രവണത്തിലൂടെ ഒരു കൂട്ടായ്മയായി തീർന്ന അവർ എല്ലാം പങ്കുവയ്ക്കാൻ തയ്യാറായി.
- ❖ സുവിശേഷാധിഷ്ഠിതമായ അവരുടെ ജീവിതം അനേകരെ ക്രിസ്തുമതത്തിലേയ്ക്ക് ആകർഷിച്ചു.
- ❖ അപ്പംമുറിക്കൽ ശക്തികേന്ദ്രമാക്കിയ സമൂഹമായിരുന്നു അത്.
- ❖ ദിവസം മുഴുവൻ വിശുദ്ധീകരിക്കുവാൻ വിവിധ യാമങ്ങളിൽ അവർ പ്രാർത്ഥിച്ചിരുന്നു.
- ❖ വിശ്വാസത്തിന്റെ പേരിൽ ചിതറിക്കപ്പെട്ടപ്പോഴും വചനം പ്രഘോഷിച്ചുകൊണ്ട് അവർ ചുറ്റി സഞ്ചരിച്ചു.

### b) മനോഭാവം

- ❖ സഭാകൂട്ടായ്മയിൽ നിലനിൽക്കാനുള്ള താല്പര്യം.
- ❖ സുവിശേഷാനുസൃതം ജീവിക്കാനുള്ള ശ്രദ്ധ.

### c) ശീലം

- ❖ എവിടെയും കൂട്ടായ്മയുടെ മനോഭാവം പുലർത്തുന്നു.

❖ മറ്റുള്ളവരുടെ ആവശ്യങ്ങളിൽ സഹായിക്കുന്നു.

## III ബോധനോപാധികൾ

ആദിമസഭയുടെ ചൈതന്യം വ്യക്തമാക്കുന്ന ദൈവവചനങ്ങൾ രേഖപ്പെടുത്തിയ ചാർട്ട്, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ.

## IV പാഠാവതരണം

പാഠപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ദൈവവചനം (അപ്പ. 2: 37 –39) വായിച്ചുകൊണ്ട് ക്ലാസ് ആരംഭിക്കുന്നു. അപ്പസ്തോലപ്രവർത്ത നങ്ങളിൽ ആദിമസഭയുടെ ജീവിതശൈലിയെക്കുറിച്ചു പ്രതിപാദിച്ചി രിക്കുന്ന മറ്റു വചനങ്ങളും കണ്ടെത്തി വായിക്കുന്നു. അതുവഴി വ്യക്ത മാകുന്ന പ്രത്യേകതകൾ ചാർട്ടിൽ രേഖപ്പെടുത്തുന്നു. ദൈവവചനം ശ്രവിച്ചും ജീവിച്ചും പ്രഘോഷിച്ചും അപ്പംമുറിക്കൽ ശുശ്രൂഷയിലൂടെ ശക്തിപ്രാപിച്ചും വിശ്വാസത്തിലും കൂട്ടായ്മയിലും വളർന്ന ആദിമ സഭയെപ്പോലെ വളരുവാനുള്ള സഭാമക്കളുടെ കടമ വിശദമാക്കുന്നു.

## V പാഠബന്ധിത പ്രവർത്തനങ്ങൾ

രണ്ടാം പാഠത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ചെയ്യുന്നു.

**ഉത്തരം കണ്ടെത്താം**

1. പേജ് 23 ഖണ്ഡിക 2,3.
2. പേജ് 24 ഖണ്ഡിക 2.
3. പേജ് 25.
4. പേജ് 26 ഖണ്ഡിക 1.
5. പേജ് 26 ഖണ്ഡിക 2.

## VI അനുബന്ധിത പ്രവർത്തനങ്ങൾ

1. ആദിമസഭയുടെ സുവിശേഷ ചൈതന്യം വ്യക്തമാക്കുന്ന ഏതാനും തിരുവചനങ്ങൾ ലേഖനങ്ങളിൽ നിന്നും കണ്ടെത്തി എഴുതുക.

# 4
# വിശ്വാസത്തിന്റെ വീരസാക്ഷികൾ

## I ആമുഖം

വിശ്വാസത്തിനുവേണ്ടി ജീവൻ സമർപ്പിച്ച രക്തസാക്ഷികളുടെ ജീവിതകഥ അറിയുവാനും അതിൽനിന്നും പ്രചോദനവും ആവേശവും ഉൾക്കൊള്ളുവാനും കുട്ടികളെ പ്രാപ്തരാക്കുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ ഹേറോദേസ് രാജാവിന്റെ കാലം മുതൽതന്നെ ക്രൈസ്തവർ തങ്ങളുടെ വിശ്വാസത്തെപ്രതി പീഡിപ്പിക്കപ്പെട്ടു തുടങ്ങി.
- ❖ എന്നാൽ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ശ്ലീഹന്മാരും പിൻഗാമികളും ധീരതയോടെ ഈശോയിലുള്ള വിശ്വാസം ഏറ്റുപറഞ്ഞ് മരണംപുൽകി.
- ❖ അനേകർ യഹൂദമതം ഉപേക്ഷിച്ച് ക്രിസ്തുമതം സ്വീകരിച്ചതും വിജാതീയർ ക്രിസ്ത്യാനികളായതും യഹൂദരെ ചൊടിപ്പിച്ചു. രാജാവിനെ ദൈവമായി അംഗീകരിക്കാൻ ക്രിസ്ത്യാനികൾ തയ്യാറാകാതിരുന്നതു ഭരണാധികാരികളെയും ശത്രുക്കളാക്കി. അങ്ങനെയാണ് ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടാൻ തുടങ്ങിയത്.
- ❖ നീറോ ചക്രവർത്തിമുതൽ ഡയോക്ലീഷ്യൻ ചക്രവർത്തിവരെയുള്ള റോമൻ രാജാക്കന്മാരെല്ലാം അതിക്രൂരമായ മതമർദനം നടത്തിയവരാണ്. അതിനാൽ ഈ കാലഘട്ടത്തിൽ സഭയ്ക്ക് ധാരാളം വിശുദ്ധ രക്തസാക്ഷികളെ ലഭിച്ചു. പൗരസ്ത്യ സഭയിലും ഈ കാലഘട്ടത്തിൽ അനേകം രക്തസാക്ഷികൾ ഉണ്ടായിരുന്നു.
- ❖ എ.ഡി. 313 ലെ മിലാൻ വിളംബരത്തോടെയാണ് സഭയ്ക്ക് റോമാസാമ്രാജ്യത്തിൽ സ്വാതന്ത്ര്യം ലഭിച്ചത്.
- ❖ വിശുദ്ധ തോമസ്മൂർ, മാക്സ്മില്യൻ കോൾബേ തുടങ്ങിയവർ പിൽക്കാലങ്ങളിൽ രക്തസാക്ഷികളായവരാണ്. വിശുദ്ധ

ജോൺബ്രിട്ടോ, ദൈവസഹായംപിള്ള തുടങ്ങിയവർ ഭാരത ത്തിലെ രക്തസാക്ഷികളാണ്.

❖ മതപീഡനങ്ങൾ സഭയെ തളർത്തുകയല്ല വളർത്തുകയാണു ചെയ്തത്.

**b) മനോഭാവം**

❖ ക്രൈസ്തവവിശ്വാസത്തിൽ അഭിമാനം.

❖ സഭയിൽ രക്തസാക്ഷിത്വം വരിച്ചവരോട് ആദരവും സ്നേഹവും.

**c) ശീലം**

❖ വിശ്വാസം സംരക്ഷിക്കുന്നതിനു വേണ്ടി എന്തു ക്ലേശവും ഏറ്റെടുക്കാനുള്ള സന്നദ്ധത.

❖ രക്തസാക്ഷികളുടെ ജീവിതകഥകൾ വായിക്കുന്നു.

## III ബോധനോപാധികൾ

ആദിമസഭ നേരിട്ട പീഡനങ്ങളെ കാണിക്കുന്ന ചിത്രങ്ങൾ, രക്തസാക്ഷികളുടെ ജീവചരിത്രങ്ങൾ/ അവരെക്കുറിച്ചുള്ള സി.ഡി, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

## IV പാഠാവതരണം

രക്തസാക്ഷികളെക്കുറിച്ചുള്ള സി.ഡി അവതരിപ്പിച്ചോ ജീവചരിത്രം വായിച്ചുകൊണ്ടോ ക്ലാസ് ആരംഭിക്കുന്നു. ശ്ലീഹന്മാരുടെ കാലം മുതൽ സഭ നേരിട്ട പീഡനങ്ങൾ ചർച്ച ചെയ്യുന്നു. ഈശോയിലുള്ള വിശ്വാസം ത്യജിച്ചാൽ കിട്ടാമായിരുന്ന താൽക്കാലിക നേട്ടങ്ങളെക്കാൾ നിത്യസൗഭാഗ്യത്തിനായി വിശ്വാസം ഏറ്റുപറഞ്ഞ് വീരമൃത്യു വരിച്ച രക്തസാക്ഷികളെക്കുറിച്ചുള്ള ദൃശ്യാവതരണമോ, കഥാപ്രസംഗങ്ങളോ അവതരിപ്പിക്കാം.

## V പാഠബന്ധിത പ്രവർത്തനങ്ങൾ

രണ്ടാം പാഠത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ചെയ്യുന്നു.

**ഉത്തരം കണ്ടെത്താം**

1. പേജ് 30 ഖണ്ഡിക 2,3.
2. പേജ് 31 ഖണ്ഡിക 2,3.
3. പേജ് 32, 33.
4. പേജ് 34 ഖണ്ഡിക 2.
5. പേജ് 35 ഖണ്ഡിക 2,3.

## VI അനുബന്ധിത പ്രവർത്തനങ്ങൾ

1. നിങ്ങൾക്കിഷ്ടപ്പെട്ട ഏതെങ്കിലുമൊരു രക്തസാക്ഷിയുടെ ജീവിതകഥ വായിച്ചശേഷം ഒരു അനുമോദനക്കുറിപ്പു തയ്യാറാക്കുക.

# 5
# സത്യവിശ്വാസ സംരക്ഷകർ

## I ആമുഖം

സഭയുടെ വിശ്വാസം പഠിപ്പിക്കുവാനും തെറ്റായ പ്രബോധനങ്ങളെ തിരുത്തുവാനും വേണ്ടി അധ്വാനിച്ച വിശ്വാസസംരക്ഷകരെക്കുറിച്ച് അറിയുവാനും അവരോടുള്ള ആദരവും സ്നേഹവും വളർത്തുവാനും കുട്ടികളെ പ്രാപ്തരാക്കുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ സത്യവിശ്വാസത്തിന്റെ ഉറവിടങ്ങൾ വിശുദ്ധ ഗ്രന്ഥവും പാരമ്പര്യങ്ങളുമാണ്.
- ❖ അതു വ്യാഖ്യാനിക്കാനും പഠിപ്പിക്കാനുമുള്ള അധികാരവും അവകാശവും സഭയ്ക്കുള്ളതാണ്.
- ❖ എന്നാൽ സഭയുടെ പഠനങ്ങൾക്കെതിരായ പാഷണ്ഡതകൾ സഭയുടെ ആരംഭകാലം മുതൽത്തന്നെ ഉണ്ടായിരുന്നു.
- ❖ രണ്ടാം നൂറ്റാണ്ടിൽ ക്രിസ്തുമതത്തിനെതിരായി ഉയർന്നുവന്ന ആരോപണങ്ങൾക്കും ഭീഷണികൾക്കും എതിരായി സത്യവിശ്വാസം സംരക്ഷിക്കുവാൻ എഴുതുകയും പ്രവർത്തിക്കുകയും ചെയ്തവരാണ് വിശ്വാസസംരക്ഷകർ.
- ❖ ആദ്യത്തെ ഏഴു നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്നവരും സഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ളവരും സഭയ്ക്ക് ആധികാരികപ്രബോധനം നൽകിയിട്ടുള്ളവരുമായ വിശുദ്ധാത്മാക്കളെയാണ് സഭാപിതാക്കന്മാർ എന്നു പറയുന്നത്.
- ❖ ഇവർ സത്യവിശ്വാസത്തോടു പുലർത്തിയ വിശ്വസ്തതയും അടുത്ത തലമുറയ്ക്ക് അതുപകർന്നു നൽകാൻ കാണിച്ച ശ്രദ്ധയും അനുകരണീയമാണ്.

## b) മനോഭാവം

- ❖ ക്രൈസ്തവവിശ്വാസത്തിൽ നിലനിൽക്കാനുള്ള ശ്രദ്ധയും താല്പര്യവും.
- ❖ സഭാപിതാക്കന്മാരോടും വിശ്വാസസംരക്ഷകരോടും ആദരവും സ്നേഹവും.

## c) ശീലം

- ❖ സത്യവിശ്വാസത്തെക്കുറിച്ച് പഠിക്കുവാനുള്ള നിഷ്ഠ.
- ❖ സഭാപിതാക്കന്മാരുടെ വചനങ്ങൾ വായിക്കുന്നു.

# III ബോധനോപാധികൾ

സഭാപിതാക്കന്മാരുടെയും വിശ്വാസസംരക്ഷകരുടെയും ചിത്രങ്ങൾ, ജീവചരിത്രങ്ങൾ, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

# IV പാഠാവതരണം

ഇന്നു സഭ നേരിട്ടുകൊണ്ടിരിക്കുന്ന അബദ്ധപ്രബോധനങ്ങളെക്കുറിച്ച് ചർച്ചചെയ്തുകൊണ്ട് ക്ലാസ് ആരംഭിക്കുന്നു. ആദിമസഭയുടെ കാലം മുതൽ ഈ പ്രതിഭാസം ഉണ്ടായിരുന്നുവെന്നും അന്ന് സഭാതനയർ അതിനെ എങ്ങനെ ധീരതയോടെ അതിജീവിച്ചുവെന്നും മനസ്സിലാക്കത്തക്കവിധം ക്ലാസ് നയിക്കാം. സാധിക്കുന്നിടത്തോളം അവരുടെ ചിത്രങ്ങൾ കാണിക്കുന്നത് നല്ലതാണ്.

# V പാഠബന്ധിത പ്രവർത്തനങ്ങൾ

രണ്ടാം പാഠത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ചെയ്യുന്നു.

**ഉത്തരം കണ്ടെത്താം**

1. പേജ് 38 ഖണ്ഡിക 1.
2. പേജ് 39 അവസാന ഖണ്ഡിക.
3. പേജ് 40 ഖണ്ഡിക 3.
4. പേജ് 42 ഖണ്ഡിക 2.
5. പേജ് 41 ഖണ്ഡിക 3.

# VI അനുബന്ധിത പ്രവർത്തനങ്ങൾ

1. സഭയുടെ പഠനങ്ങൾക്കെതിരായി പെന്തക്കോസ്തൽ സമൂഹങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന തെറ്റായ പഠനങ്ങൾ ഏതെല്ലാമെന്നു ചർച്ചചെയ്ത് അവയ്ക്കുള്ള മറുപടി കണ്ടെത്തി എഴുതുക.

## 6

# വചനാനുസൃതം ജീവിച്ചവർ

## I ആമുഖം

ദൈവവചനം അനുസരിച്ച് ജീവിച്ച് പരിപൂർണതയിലെത്തിയ പരിശുദ്ധ അമ്മയേയും വിശുദ്ധാത്മാക്കളേയും പരിചയപ്പെടുത്തിക്കൊണ്ട് അവരെപ്പോലെ വചനാനുസൃതം ജീവിക്കാൻ കുട്ടികളെ പ്രാപ്തരാക്കുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ദൈവവചനം സ്വീകരിച്ച് അതിന്റെ പൂർണതയിൽ ജീവിച്ച വ്യക്തിയാണ് പരിശുദ്ധ മറിയം.
- ദൈവവചന പ്രഘോഷണത്തിലൂടെ സഭാസമൂഹങ്ങൾക്കു രൂപം നൽകിയും വചനത്തിനു സാക്ഷികളാകാൻ ജീവൻവെടിഞ്ഞും ശ്ലീഹന്മാർ വിശുദ്ധരായി.
- വചനം സ്വീകരിച്ച് മാനസാന്തരത്തിലേയ്ക്കു കടന്നുവന്നവരും, മാതൃകയിലൂടെയും പ്രഘോഷണങ്ങളിലൂടെയും വചനത്തിനു സാക്ഷ്യംവഹിച്ചു വിശുദ്ധരായവരുമായ സഭാമക്കളുടെ ഒരു നീണ്ട നിരതന്നെ നമുക്കുണ്ട്.
- അജപാലകരായ മെത്രാന്മാരും വൈദികരും കൂദാശകളുടെ പരികർമ്മത്തിലൂടെയും ദൈവവചനപ്രഘോഷണങ്ങളിലൂടെയും സഭാമക്കളെ വിശുദ്ധിയിൽ വളർത്താൻ നിയോഗിക്കപ്പെട്ടവരാണ് .
- അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ സുവിശേഷ മൂല്യങ്ങൾ പ്രത്യേകമാം വിധം അനുഷ്ഠിക്കാൻ വ്രതമെടുത്തവരാണ് സമർപ്പിതർ.

❖ എല്ലാ പ്രവൃത്തികളും വഴി ആത്മീയ ബലികളർപ്പിക്കാനും ലോകമെങ്ങും ക്രിസ്തുവിനു സാക്ഷ്യം വഹിക്കുവാനും അല്മായർ വിളിക്കപ്പെട്ടിരിക്കുന്നു.

### b) മനോഭാവം

❖ ദൈവവചനത്തിനു സാക്ഷ്യം വഹിക്കാൻ താൻ കടപ്പെട്ടിരിക്കുന്നു എന്ന ചിന്ത.

❖ വചനപ്രഘോഷണത്തിനുള്ള വേദികൾ ഉപയോഗപ്പെടുത്താനുള്ള ശ്രദ്ധ.

### c) ശീലം

❖ ദൈവവചനം പങ്കുവയ്ക്കാനും അതിനു സാക്ഷ്യം വഹിക്കാനും ലഭിക്കുന്ന വേദികൾ ശ്രദ്ധയോടെ പ്രയോജനപ്പെടുത്തുന്നു.

❖ ദൈവവചനപ്രഘോഷണത്തിന്റെ ശക്തമായ സാക്ഷ്യം തന്നെയാകുന്ന സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളിൽ പങ്കുചേരുന്നു.

## III ബോധനോപാധികൾ

സഭയിൽ പരിശുദ്ധപിതാവും മെത്രാന്മാരും വൈദികരും സമർപ്പിതരും അത്മായരും ചെയ്യുന്ന വചനപ്രഘോഷണത്തിന്റെയും ജീവകാരുണ്യ പ്രവൃത്തികളുടെയും ചിത്രങ്ങൾ, പത്രവാർത്തകൾ, വിശുദ്ധരുടെ ജീവചരിത്രങ്ങൾ, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

## IV പാഠാവതരണം

വൈദികരോ, സമർപ്പിതരോ, അത്മായരോ ചെയ്തുകൊണ്ടിരിക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പത്രവാർത്തകൾ ചർച്ചചെയ്തുകൊണ്ട് ക്ലാസ് ആരംഭിക്കാം. പരിശുദ്ധ അമ്മയും വിശുദ്ധാത്മാക്കളും വചനാനുസൃതം ജീവിക്കാൻ അനുഭവിച്ച ക്ലേശങ്ങൾ കുട്ടികളെക്കൊണ്ട് അഭിനയിപ്പിക്കാം. സഭ ഇന്നു നടത്തിക്കൊണ്ടിരിക്കുന്ന ജീവകാരുണ്യപ്രവർത്തനങ്ങളെക്കുറിച്ച് അവബോധം ജനിപ്പിക്കാൻ അവയുടെ ചിത്രങ്ങൾ കാണിക്കുകയോ സ്ഥലങ്ങൾ സന്ദർശിക്കുകയോ ചെയ്യാം.

## V പാഠബന്ധിത പ്രവർത്തനങ്ങൾ

രണ്ടാം പാഠത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ചെയ്യുന്നു.

ഉത്തരം കണ്ടെത്താം

1. പേജ് 44 ഖണ്ഡിക 2.
2. പേജ് 45 ഖണ്ഡിക 2.
3. പേജ് 45 ഖണ്ഡിക 4.
4. പേജ് 48 ഖണ്ഡിക 1.
5. പേജ് 49.

## VI അനുബന്ധിത പ്രവർത്തനങ്ങൾ

1. നിങ്ങൾക്ക് വചനാനുസൃതം ജീവിക്കാൻ ക്ലേശം സഹിക്കേണ്ടി വന്ന ഏതെങ്കിലുമൊരു സന്ദർഭം എഴുതുകയോ കൂട്ടുകാരുമായി പങ്കുവയ്ക്കുകയോ ചെയ്യുക.

# 7

# പ്രേഷിതപ്രവർത്തനമാർഗങ്ങൾ

## I ആമുഖം

സഭയുടെ പ്രേഷിതപ്രവർത്തനങ്ങളുടെയെല്ലാം അടിസ്ഥാനവും മാതൃകയും ഈശോയുടെ പ്രേഷിതത്വമാണ്. പ്രാർത്ഥന, പ്രഘോഷണം, സേവനം, സഹനം എന്നീ മാർഗങ്ങളിലൂടെയാണ് സഭ പ്രധാനമായും തന്റെ പ്രേഷിതദൗത്യം നിർവഹിക്കുന്നത്. ഈ നാലു മേഖലകളിലൂടെയും വിശുദ്ധരായവരെ പരിചയപ്പെടുത്തി അതുപോലെയുള്ള ഒരു ആദ്ധ്യാത്മികത സ്വന്തമാക്കാൻ കുട്ടികളെ സഹായിക്കുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളുടെയെല്ലാം ലക്ഷ്യം ലോകത്തിന്റെ അതിർത്തികൾവരെ ദൈവരാജ്യം സ്ഥാപിക്കുക എന്നതാണ്.
- ❖ പ്രാർത്ഥന, പ്രഘോഷണം, സേവനം, സഹനം എന്നീ മാർഗങ്ങളിലൂടെയാണ് സഭ പ്രധാനമായും തന്റെ പ്രേഷിതദൗത്യം നിർവഹിക്കുന്നത്.
- ❖ ഓരോ മാർഗത്തിലൂടെയും വിശുദ്ധരായ അനേകം മാതൃകകൾ സഭയിലുണ്ട്.
- ❖ വി. കൊച്ചുത്രേസ്യായും വി. എവുപ്രാസ്യാമ്മയും പ്രാർത്ഥനയുടെ പ്രേഷിതരായും. വി. ചാവറകുര്യാക്കോസ് ഏലിയാസച്ചനും വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചനും പ്രഘോഷണത്തിന്റെ പ്രേഷിതരായും. വി. മദർതെരേസ സേവനത്തിന്റെ പ്രേഷിതയായും. വി. അൽഫോൻസാമ്മയും വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായും സഹനത്തിന്റെ പ്രേഷിതരായും അറിയപ്പെടുന്നു.

## b) മനോഭാവം

- ❖ പ്രേഷിതപ്രവർത്തനങ്ങളിൽ പങ്കുചേരാനുള്ള താൽപര്യം.
- ❖ പ്രേഷിതപ്രവർത്തനത്തിനുള്ള വേദികൾ പലതുണ്ട് എന്ന തിരിച്ചറിവ്.

## c) ശീലം

- ❖ നാലു മാർഗങ്ങളിൽ ഏതെങ്കിലുമൊക്കെ സന്ദർഭാനുസരണം ഉപയോഗിച്ച് സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ പങ്കുചേരുന്നു.

# III ബോധനോപാധികൾ

വിശുദ്ധരുടെ ചിത്രങ്ങൾ, ജീവചരിത്രങ്ങൾ, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ.

# IV പാഠാവതരണം

വിശുദ്ധരുടെ ചിത്രങ്ങൾ കാണിച്ചുകൊണ്ട് ഓരോരുത്തരും ഏതു മേഖലകളിലാണു പ്രശസ്തരായിരിക്കുന്നത് എന്നു ചർച്ച ചെയ്യുന്നു. അവയുടെ വെളിച്ചത്തിൽ അവരെ ഗ്രൂപ്പു തിരിച്ചെഴുതുന്നു. പ്രേഷിതപ്രവർത്തനത്തിനുള്ള മാർഗങ്ങൾ വിവിധങ്ങളാണെന്നും അവയെല്ലാം വിശുദ്ധി പ്രാപിക്കാൻ സഹായകമാണെന്നും വിശദമാക്കുന്നു. സഭ ഇന്നു നടത്തിക്കൊണ്ടിരിക്കുന്ന ജീവകാരുണ്യപ്രവർത്തനങ്ങളെക്കുറിച്ച് അവബോധം ജനിപ്പിക്കാൻ അവയുടെ ചിത്രങ്ങൾ കാണിക്കുകയോ സ്ഥലങ്ങൾ സന്ദർശിക്കുകയോ ചെയ്യാം.

# V പാഠബന്ധിത പ്രവർത്തനങ്ങൾ

രണ്ടാം പാഠത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ചെയ്യുന്നു.

**ഉത്തരം കണ്ടെത്താം**

1. പേജ് 52 ഖണ്ഡിക 1.
2. പേജ് 52 പ്രാർത്ഥനയുടെ പ്രേഷിതത്വം എന്ന തലക്കെട്ടിനു താഴെ.
3. പേജ് 56 ഖണ്ഡിക 3.
4. പേജ് 54 സേവനത്തിന്റെ പ്രേഷിതത്വം.
5. പേജ് 54 ഖണ്ഡിക 1, 2.

# VI അനുബന്ധിത പ്രവർത്തനങ്ങൾ

1. പാഠത്തിൽ പറഞ്ഞിരിക്കുന്ന നാലുമാർഗങ്ങളിലൂടെ വിശുദ്ധരായ മറ്റു വിശുദ്ധരുടെ പേരുകൾ ശേഖരിക്കുക.

# 8

# സഭയും ജീവകാരുണ്യപ്രവർത്തനങ്ങളും

## I ആമുഖം

ഈശോയെ അനുകരിച്ച് സഭ ചെയ്യുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് മനസ്സിലാക്കാനും അവയോടു സാധിക്കുന്ന വിധത്തിലെല്ലാം സഹകരിക്കുവാനും കുട്ടികളെ പ്രചോദിപ്പിക്കുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളുടെയെല്ലാം മാതൃക ഈശോയാണ്.
- ❖ സ്നേഹത്തിലൂടെ പ്രവർത്തനനിരതമാകുന്ന വിശ്വാസമാണ് ഇതിലൂടെ പ്രകടമാകുന്നത്.
- ❖ അനാഥർ, വയോവൃദ്ധർ, രോഗികൾ, മരണാസന്നർ, അംഗവൈകല്യമുള്ളവർ,ബുദ്ധിമാന്ദ്യം ഉള്ളവർ, മാനസികരോഗികൾ, ചൂഷണത്തിനിരയാകുന്നവർ, എയിഡ്സ് രോഗികൾ തുടങ്ങി സമൂഹത്തിലെ അവഗണിക്കപ്പെട്ടവരും വേദനിക്കുന്നവരുമായ എല്ലാവരെയും സഭ സഹായിക്കുന്നു.
- ❖ പ്രാർത്ഥിച്ചും, ചെറിയ ത്യാഗങ്ങളിലൂടെ സമ്പാദിക്കുന്ന പണം സംഭാവന ചെയ്തും ആതുരാലയങ്ങളും അതുപോലെയുള്ള മറ്റു സ്ഥാപനങ്ങൾ സന്ദർശിച്ചും നമുക്കും സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളിൽ പങ്കുചേരാം.

### b) മനോഭാവം

- ❖ സമൂഹത്തിൽ അവഗണിക്കപ്പെട്ടവരോട് പരിഗണന.
- ❖ അവരെ ഏതെങ്കിലുമൊക്കെ വിധത്തിൽ സഹായിക്കാനുള്ള സന്നദ്ധത.

## c) ശീലം

- ❖ സമൂഹത്തിൽ പിന്നോക്കാവസ്ഥ പുലർത്തുന്നവരെ പ്രത്യേ കമായി പരിഗണിക്കുന്നു.
- ❖ അവരെ സഹായിക്കാൻ മുൻകൈ എടുക്കുന്നു.

## III ബോധനോപാധികൾ

സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങൾ അടങ്ങിയ ചാർട്ട്, ദുരി തമനുഭവിക്കുന്നവരെക്കുറിച്ചുള്ള പത്രവാർത്തകൾ, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

## IV പാഠാവതരണം

ഏതെങ്കിലും തരത്തിൽ ദുരിതമനുഭവിക്കുന്നവരെക്കുറിച്ചുള്ള പത്ര വാർത്ത ചർച്ച ചെയ്തുകൊണ്ട് ക്ലാസ് ആരംഭിക്കാം. സഭയുടെ ജീവ കാരുണ്യ പ്രവർത്തന മാർഗങ്ങൾ വിവരിക്കുന്നു. ക്ലേശമനുഭവിക്കുന്ന എല്ലാ വിഭാഗങ്ങൾക്കും വേണ്ടി സഭ ഇന്നു നടത്തിക്കൊണ്ടിരിക്കുന്ന ജീവകാരുണ്യപ്രവർത്തനങ്ങളെക്കുറിച്ച് അവബോധം ജനിപ്പിക്കാൻ അവയുടെ ചിത്രങ്ങൾ കാണിക്കുകയോ സ്ഥലങ്ങൾ സന്ദർശിക്കു കയോ ചെയ്യാം.

## V പാഠബന്ധിത പ്രവർത്തനങ്ങൾ

രണ്ടാം പാഠത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ചെയ്യുന്നു.

**ഉത്തരം കണ്ടെത്താം**

1. പേജ് 60 ഖണ്ഡിക 3.
2. പേജ് 62 സഭയുടെ പ്രബോധനം എന്ന തലക്കെട്ടിനുതാഴെ.
3. പേജ് 61 ഖണ്ഡിക 2.
4. പേജ് 62 സഭയുടെ പ്രബോധനം എന്ന ഖണ്ഡികയുടെ അവ സാനം.
5. പേജ് 62 അവസാന ഖണ്ഡിക

## VI അനുബന്ധിത പ്രവർത്തനങ്ങൾ

1. സഭയുടെ ഏതെങ്കിലുമൊരു ജീവകാരുണ്യസ്ഥാപനം സന്ദർശിച്ച് അവരെ ഏതെല്ലാം വിധത്തിൽ സഹായിക്കാൻ സാധിക്കുമെന്നു കണ്ടെത്തി അതിനനുസരിച്ച് പ്രവർത്തിക്കുക.

# 9
# പ്രേഷിതപ്രവർത്തനത്തിന്റെ നൂതനാഭിമുഖ്യങ്ങൾ

## I ആമുഖം

മിശിഹായുടെ തുടർച്ചയും ദൗത്യവാഹകയുമായ സഭ മനുഷ്യന്റെ സമഗ്രവികസനം ലക്ഷ്യമാക്കിയാണ് അധ്വാനിക്കുന്നത്. ആധുനിക ലോകത്തിന്റെ മനസാക്ഷിയാണവൾ. ഈ ലക്ഷ്യം സാധിക്കുന്നതിനായി സഭ കൈക്കൊണ്ടിരിക്കുന്ന വിവിധ മേഖലകൾ മനസിലാക്കി അവയോടു സഹകരിക്കുവാൻ കുട്ടികളെ സഹായിക്കുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- മിശിഹായുടെ തുടർച്ചയും ദൗത്യവാഹകയുമാണ് സഭ.
- സഭ മനുഷ്യന്റെ സമഗ്രപുരോഗതിക്കുവേണ്ടിയാണ് യത്നിക്കുന്നത്.
- ഇതിനായി അവൾ സ്വീകരിച്ചിരിക്കുന്ന മാർഗങ്ങൾ നിരവധിയുണ്ട്.
- വിദ്യാഭ്യാസം, മാധ്യമപ്രേഷിതത്വം, രാഷ്ട്രീയം, കലാസാഹിത്യ സാംസ്കാരിക മേഖലകൾ, പരിസ്ഥിതിസംരക്ഷണം, സാമൂഹികതിന്മകൾക്കെതിരെയുള്ള പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഇന്ന് സഭ പ്രത്യേക ഊന്നൽ കൊടുക്കുന്നു.

### b) മനോഭാവം

- സഭയുടെ ദൗത്യങ്ങളിൽ അഭിമാനം.
- സാധിക്കുന്ന വിധത്തിലെല്ലാം അവയോടു സഹകരിക്കാനുള്ള സന്നദ്ധത.

## c) ശീലം

- ❖ ലോകത്തിൽ നടക്കുന്ന തിന്മകളോടും സംഭവങ്ങളോടും സഭ എങ്ങനെയാണു പ്രതികരിക്കുന്നതെന്നു ശ്രദ്ധിക്കുന്നു.
- ❖ അതിനനുസൃതമായ തീരുമാനങ്ങൾ എടുത്തു പ്രവർത്തിക്കുന്നു.

## III ബോധനോപാധികൾ

കമ്പ്യൂട്ടർ, റ്റി.വി തുടങ്ങിയ ആധുനിക മാധ്യമങ്ങൾ/ അവയുടെ ചിത്രങ്ങൾ, ക്രിസ്തീയ കലാ സാഹിത്യങ്ങളുടെ സി.ഡി, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

## IV പാഠാവതരണം

വിവിധമാധ്യമങ്ങളിലൂടെ പ്രേഷിതപ്രവർത്തനം ചെയ്യാനുള്ള മാർഗങ്ങൾ ചർച്ചചെയ്തുകൊണ്ട് ക്ലാസ് ആരംഭിക്കുന്നു. മൂല്യമുള്ള ഏതെങ്കിലും കലാരൂപത്തിലൂടെ ഒരു ബൈബിൾ സന്ദേശം അവതരിപ്പിക്കാം. അവയുടെ ഫലദായകത്വത്തെക്കുറിച്ചു ചർച്ചചെയ്യാം

## V പാഠബന്ധിത പ്രവർത്തനങ്ങൾ

രണ്ടാം പാഠത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ചെയ്യുന്നു.

**ഉത്തരം കണ്ടെത്താം**

1. പേജ് 65 ന്റെ അവസാനം.
2. പേജ് 66 ഖണ്ഡിക 2.
3. പേജ് 66 ഖണ്ഡിക 4 മുതൽ.
4. പേജ് 67 ഖണ്ഡിക 2 മുതൽ.
5. പേജ് 69 അവസാന ഖണ്ഡിക.

## VI അനുബന്ധിത പ്രവർത്തനങ്ങൾ

1. സഭയുടെ വിവിധങ്ങളായ പ്രേഷിത മേഖലകളെ കാണിക്കുന്ന ചാർട്ട് തയ്യാറാക്കുക.

# 10
# സീറോമലബാർ സഭയും പ്രേഷിതപ്രവർത്തനങ്ങളും

## I ആമുഖം

മാർത്തോമ്മാശ്ലീഹായിൽനിന്നു വിശ്വാസം സ്വീകരിച്ച മാർത്തോമ്മാക്രിസ്ത്യാനികളുടെ പ്രേഷിതതീക്ഷ്ണതയെക്കുറിച്ച് കുട്ടികൾക്ക് അറിവുനൽകുകയും പ്രേഷിതപ്രവർത്തനത്തിനുള്ള ആവേശം കുട്ടികളിലേയ്ക്കു പകരുകയുമാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

❖ മാർത്തോമ്മാശ്ലീഹായുടെ സുവിശേഷപ്രഘോഷണഫലമായി രൂപപ്പെട്ട ക്രൈസ്തവ സഭ മാർത്തോമ്മാ നസ്രാണികൾ എന്ന പേരിൽ കേരളത്തിൽ ശക്തിയാർജിച്ചു വളർന്നു.

❖ മാർത്തോമ്മാക്രിസ്ത്യാനികൾ തങ്ങളുടെ വിശ്വാസാധിഷ്ഠിതമായ ജീവിതംകൊണ്ട് പ്രേഷിതരായിരുന്നു.

❖ 1923 ഡിസംബർ 21 ന് പതിനൊന്നാം പീയൂസ് മാർപ്പാപ്പ സീറോമലബാർ ഹയരാർക്കി സ്ഥാപിച്ചു.

❖ അതിനുശേഷം സീറോമലബാർസഭയ്ക്ക് ധാരാളം രൂപതകളും അതിരൂപതകളും ഉണ്ടായി.

### b) മനോഭാവം

❖ സീറോമലബാർസഭയുടെ വളർച്ചയിൽ അഭിമാനം.

❖ മിഷൻരൂപതകളെ പ്രാർത്ഥനവഴിയും സംഭാവനകൾ നൽകിയും സഹായിക്കാനുള്ള സന്നദ്ധത.

### c) ശീലം

- ❖ സീറോമലബാർസഭയ്ക്കുവേണ്ടി എന്നും പ്രാർത്ഥിക്കുന്നു.
- ❖ മിഷൻപ്രവർത്തനങ്ങളെ സഹായിക്കുന്നു.

## III ബോധനോപാധികൾ

സീറോമലബാർസഭയുടെ രൂപതകൾ അടയാളപ്പെടുത്തിയ മാപ്പ്, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

## IV പാഠാവതരണം

തോമ്മാശ്ലീഹായുടെ പ്രേഷിതതീക്ഷ്ണതയെക്കുറിച്ചു ചർച്ച ചെയ്തുകൊണ്ട് ക്ലാസ് ആരംഭിക്കാം. ഒന്നാം നൂറ്റാണ്ടിൽ ഭാരതത്തിൽ നിലനിന്നിരുന്ന മതങ്ങളെക്കുറിച്ചും അവരുടെയിടയിൽ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കുണ്ടായിരുന്ന സ്ഥാനത്തെക്കുറിച്ചും പാഠപുസ്തകത്തെ ആധാരമാക്കി ചർച്ച ചെയ്യാം. ഏതെങ്കിലും മിഷനറി വൈദികനെയോ, വിദേശത്തു ജോലിചെയ്യുന്ന സീറോമലബാർസഭാമക്കളെയോകൊണ്ട് അവരുടെ വിശ്വാസാനുഭവം പങ്കുവയ്പ്പിക്കുന്നത് നന്നായിരിക്കും.

## V പാഠബന്ധിത പ്രവർത്തനങ്ങൾ

രണ്ടാം പാഠത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ചെയ്യുന്നു.

**ഉത്തരം കണ്ടെത്താം**

1. പേജ് 73 -75ന്റെ ആശയം.
2. പേജ് 75 സഭയുട മിഷൻ രൂപതകൾ എന്ന ഖണ്ഡിക.
3. പേജ് 76 ഖണ്ഡിക 1.
4. പേജ് 76 ഖണ്ഡിക 2 മുതൽ 4 വരെ.
5. പേജ് 77 ഖണ്ഡിക 1.

## VI അനുബന്ധിത പ്രവർത്തനങ്ങൾ

1. സീറോമലബാർ സഭയുടെ രൂപതകളും അവയുടെ വൈദികമേലദ്ധ്യക്ഷന്മാരുടെ പേരുകളും കാണിക്കുന്ന ചാർട്ട് തയ്യാറാക്കുക.

## 11

# പ്രേഷിതത്വം കുടുംബജീവിതത്തിലൂടെ

## I ആമുഖം

കുടുംബം ദൈവസ്ഥാപിതമാണെന്നും കുടുംബം പുലർത്തേണ്ട പ്രേഷിതത്വം എന്തൊക്കെയാണെന്നുമുള്ള അറിവ് കുട്ടികളിലേയ്ക്കു പകരുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ കുടുംബം ദൈവസ്ഥാപിതമാണ്.
- ❖ കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹവും എല്ലാവരും ചേർന്നുള്ള പ്രാർത്ഥനയും വഴി കുടുംബം ഒരു ദൈവാലയമാക്കി മാറ്റണം.
- ❖ കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്നു വചനം പഠിക്കണം.
- ❖ മക്കളോട് ആദ്യമായി വിശ്വാസം പ്രസംഗിക്കേണ്ടവരും അവരെ വിശ്വാസം പഠിപ്പിക്കേണ്ടവരും മാതാപിതാക്കളാണ്.
- ❖ സ്നേഹത്തിലധിഷ്ഠിതമായ ദാമ്പത്യജീവിതം, കുട്ടികളുടെ ക്രിസ്തീയ രൂപീകരണം, കൂദാശകളിലുള്ള പങ്കാളിത്തം, പ്രാർത്ഥന, ജീവിതസാക്ഷ്യം, പരസ്നേഹപ്രവർത്തനങ്ങൾ തുടങ്ങിയവയാണ് കുടുംബത്തിന്റെ പ്രധാന പ്രേഷിതപ്രവർത്തന മാർഗങ്ങൾ.

### b) മനോഭാവം

- ❖ കുടുംബപ്രാർത്ഥനയോടും വചനപാരായണത്തോടും താല്പര്യം.
- ❖ തങ്ങളുടെ കുടുംബങ്ങൾ മാതൃകാകുടുംബങ്ങളാകണമെന്നുള്ള താല്പര്യം.

## c) ശീലം

- ❖ കുടുംബപ്രാർത്ഥനകൾക്കും ദൈവവചനവായനയ്ക്കും നേതൃത്വം നൽകുന്നു.
- ❖ കുടുംബബന്ധങ്ങളെ ആദരിക്കുന്നു.

## III ബോധനോപാധികൾ

കുടുംബാംഗങ്ങളൊരുമിച്ച് പ്രേഷിതപ്രവർത്തനം നടത്തുന്നതിനെക്കുറിച്ചുള്ള പത്രവാർത്തകൾ, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

## IV പാഠാവതരണം

ഏതെങ്കിലുമൊരു കുടുംബം നടത്തുന്ന പ്രത്യേക പ്രേഷിതപ്രവർത്തനത്തെക്കുറിച്ചുള്ള പത്രവാർത്ത ചർച്ച ചെയ്തുകൊണ്ട് ക്ലാസ് ആരംഭിക്കാം. കുടുംബത്തിലെ പ്രാർത്ഥന, ദൈവവചനപാരായണം, പരസ്പര സ്നേഹം, പരിഗണന എന്നിവയും ചർച്ചാവിഷയമാക്കാം.

## V പാഠബന്ധിത പ്രവർത്തനങ്ങൾ

രണ്ടാം പാഠത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ചെയ്യുന്നു.

**ഉത്തരം കണ്ടെത്താം**

1. പേജ് 81 ഖണ്ഡിക 2.
2. പേജ് 81 ഖണ്ഡിക 1.
3. പേജ് 81 ഖണ്ഡിക 2.
4. പേജ് 82 ഖണ്ഡിക 2.
5. പേജ് 82 ഖണ്ഡിക 3 മുതൽ.

## VI അനുബന്ധിത പ്രവർത്തനങ്ങൾ

കുടുംബങ്ങൾക്കു ചെയ്യാവുന്ന പ്രേഷിതപ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച ചെയ്ത് എഴുതുക.

## 12

# പ്രേഷിതത്വം പൗരോഹിത്യജീവിതത്തിലൂടെ

## I ആമുഖം

പൗരോഹിത്യത്തിന്റെ സ്ഥാനവും ധർമ്മങ്ങളും മനസ്സിലാക്കാനും പൗരോഹിത്യത്തെക്കുറിച്ചുള്ള ആദരവ് കുട്ടികളിൽ വളരുവാനും ഈ പാഠം ഉപകരിക്കണം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ ഈശോയെപ്പോലെ സ്വന്തം ജീവിതം ബലിയായി അർപ്പിക്കുക എന്നതാണ് പൗരോഹിത്യ ജീവിതത്തിലെ പരമോന്നതമായ പ്രേഷിതപ്രവർത്തനം.
- ❖ ശുശ്രൂഷാപൗരോഹിത്യത്തിന്റെ പൂർണത ശ്ലീഹന്മാരിലൂടെ മെത്രാന്മാർക്കാണ് ഈശോ നൽകിയിരിക്കുന്നത്. മെത്രാന്മാരുടെ സഹപ്രവർത്തകരായി വർത്തിക്കുന്നവരാണ് വൈദികർ.
- ❖ പൗരോഹിത്യശുശ്രൂഷയിലെ അതിപ്രാധാന്യമർഹിക്കുന്ന ശുശ്രൂഷയാണ് വചനപ്രഘോഷണം.
- ❖ കൂദാശകളുടെ പരികർമ്മം വഴിയും ദൈവവചന പ്രഘോഷണത്തിലൂടെയും പുരോഹിതർ തങ്ങളുടെ വിശുദ്ധീകരണ കർമം തുടരുന്നു.
- ❖ ക്രൈസ്തവകൂട്ടായ്മയിലേയ്ക്ക് മറ്റുള്ളവരെ ആനയിക്കുന്ന അജപാലകരാണ് പുരോഹിതർ

### b) മനോഭാവം

- ❖ വൈദികരോട് താല്പര്യവും സ്നേഹവും.
- ❖ വൈദികരെ അവരുടെ ശുശ്രൂഷകളിൽ സഹായിക്കാനുള്ള താല്പര്യം.

### c) ശീലം

- ❖ വൈദികരോട് അടുപ്പവും സ്നേഹവും പുലർത്തുന്നു.
- ❖ വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

## III ബോധനോപാധികൾ

പുരോഹിതശുശ്രൂഷയിലെ വിവിധ ചിത്രങ്ങൾ, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

## IV പാഠാവതരണം

പുരോഹിതരുടെ സേവനങ്ങളെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ട് ക്ലാസ് ആരംഭിക്കാം. ചിത്രങ്ങളുടെ സഹായത്തോടെ പുരോഹിതശുശ്രൂഷയുടെ വിവിധ മുഖങ്ങൾ കുട്ടികൾക്കു മനസ്സിലാക്കിക്കൊടുക്കണം.

## V പാഠബന്ധിത പ്രവർത്തനങ്ങൾ

രണ്ടാം പാഠത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ചെയ്യുന്നു.

**ഉത്തരം കണ്ടെത്താം**

1. പേജ് 86 ഖണ്ഡിക 2.
2. പേജ് 86 ഖണ്ഡിക 3.
3. പേജ് 87 ഖണ്ഡിക 2,3.
4. പേജ് 88 ഖണ്ഡിക 2 മുതൽ 89 ഖണ്ഡിക 2 വരെ.
5. പേജ് 90 ഖണ്ഡിക 3.

## VI അനുബന്ധിത പ്രവർത്തനങ്ങൾ

പൗരോഹിത്യശുശ്രൂഷയെക്കുറിച്ച് ഒരു പ്രസംഗക്കുറിപ്പ് തയ്യാറാക്കുക.

# 13

# പ്രേഷിതത്വം സമർപ്പിതജീവിതത്തിലൂടെ

## I ആമുഖം

സഭയിൽ സമർപ്പിതജീവിതത്തിന്റെ സ്ഥാനവും ധർമ്മങ്ങളും മനസ്സിലാക്കാനും സമർപ്പിതജീവിതത്തെക്കുറിച്ചുള്ള ആദരവ് കുട്ടികളിൽ വളരുവാനും ഈ പാഠം ഉപകരിക്കണം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ മിശിഹായിലുള്ള പൂർണവും സമ്പുഷ്ഠവുമായ ജീവിതത്തിലൂടെ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരമേകാനുള്ള ക്രൈസ്തവവിളി അതിന്റെ പൂർണതയിൽ തങ്ങളിൽ സാക്ഷാത്കരിക്കുന്നവരാണ് സമർപ്പിതർ.
- ❖ ഏ.ഡി മൂന്നാം നൂറ്റാണ്ടിൽ സന്യാസം ക്രിസ്തുമതത്തിൽ വേരുറച്ചുവെങ്കിലും ഭാരതത്തിൽ അതിനു തുടക്കം കുറിച്ചത് 1831 ൽ അമലോത്ഭവദാസസംഘം എന്ന സന്യാസസമൂഹം സ്ഥാപിതമായതോടെയാണ്. ഇന്ന് ആ സന്യാസസമൂഹം സി.എം. ഐ എന്ന പേരിൽ അറിയപ്പെടുന്നു.
- ❖ അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ സുവിശേഷോപദേശങ്ങളെ അടിസ്ഥാനമാക്കി മൂന്നു വ്രതങ്ങൾ പാലിച്ചുജീവിക്കുന്നവരാണ് സമർപ്പിതർ.
- ❖ പ്രാർത്ഥന, ഇടവകപ്രവർത്തനങ്ങളിലുള്ള പങ്കുചേരൽ, മതബോധനം, കുടുംബസന്ദർശനങ്ങൾ, സാമൂഹ്യസേവനം, മിഷൻപ്രവർത്തനങ്ങൾ തുടങ്ങിയ ബഹുമുഖ ശുശ്രൂഷകളിലൂടെ സമർപ്പിതർ ദൈവത്തിനും ദൈവജനത്തിനും വേണ്ടിയുള്ള തങ്ങളുടെ സമർപ്പണം അർത്ഥപൂർണമാക്കുന്നു.

**b) മനോഭാവം**

- ❖ സമർപ്പിതദൈവവിളി പ്രോൽസാഹിപ്പിക്കുന്നു.
- ❖ സമർപ്പിതരെ ആദരവോടെ വീക്ഷിക്കുന്നു.

**c) ശീലം**

- ❖ സമർപ്പിതരോട് അടുപ്പവും സ്നേഹവും പുലർത്തുന്നു.
- ❖ സമർപ്പിതർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

## III ബോധനോപാധികൾ

വ്രതവാഗ്ദാനവും സഭാവസ്ത്രസ്വീകരണവും നടത്തുന്നതിന്റെ സി.ഡി/ ഫോട്ടോ, സമർപ്പിതരുടെ സേവനങ്ങളെ പരാമർശിക്കുന്ന പേപ്പർകട്ടിംഗ്സ്, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖകൾ

## IV പാഠാവതരണം

വ്രതവാഗ്ദാനവും സന്യാസവസ്ത്രസ്വീകരണവും നടത്തുന്നതിന്റെ സി.ഡി പ്രദർശിപ്പിച്ചുകൊണ്ടോ, സമർപ്പിതരുടെ സേവനങ്ങളെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ടോ ക്ലാസ് ആരംഭിക്കാം. ചിത്രങ്ങളുടെ സഹായത്തോടെ സമർപ്പിതരുടെ ശുശ്രൂഷയുടെ വിവിധ മുഖങ്ങൾ കുട്ടികൾക്കു മനസ്സിലാക്കിക്കൊടുക്കണം.

## V പാഠബന്ധിത പ്രവർത്തനങ്ങൾ

രണ്ടാം പാഠത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ചെയ്യുന്നു.

**ഉത്തരം കണ്ടെത്താം**

1. പേജ് 93 ഖണ്ഡിക 1,2.
2. പേജ് 94 ഖണ്ഡിക വ്രതങ്ങൾ.
3. പേജ് 96 ഖണ്ഡിക 2,3.
4. പേജ് 97 ഖണ്ഡിക 2,3.
5. പേജ് 97 ഖണ്ഡിക 4.

## VI അനുബന്ധിത പ്രവർത്തനങ്ങൾ

സമർപ്പിതർ ചെയ്യുന്ന സേവനങ്ങളുടെ ചിത്രങ്ങൾ സമാഹരിച്ച് ഒരു ആൽബം തയ്യാറാക്കുക. ഇടവകയിൽ പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിന്റെ സേവനങ്ങളെക്കുറിച്ച് അവരുമായി ഒരഭിമുഖം നടത്തുക.

## 14

# വിശുദ്ധരാകൂ പ്രേഷിതരാകൂ

## I ആമുഖം

മാമ്മോദീസാ സ്വീകരിച്ച ഓരോ വ്യക്തിയും വിശുദ്ധരാകാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന ബോധ്യം ലഭിക്കുവാനും വിശുദ്ധിയിൽ വളരുവാനുള്ള മാർഗങ്ങൾ തിരിച്ചറിഞ്ഞ് അതിനനുസൃതം ജീവിക്കുവാനും കുട്ടികൾക്കു കഴിയത്തക്കവിധം ഈ പാഠം അവതരിപ്പിക്കണം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ ദൈവമായ കർത്താവു പരിശുദ്ധനായിരിക്കുന്നതുപോലെ ദൈവത്തിന്റെ സ്വന്തം ജനമായി തിരഞ്ഞെടുക്കപ്പെട്ട നമ്മളും വിശുദ്ധരാകാൻ വിളിക്കപ്പെട്ടിരിക്കുന്നു.
- ❖ മനുഷ്യരെല്ലാവരും ദൈവത്തെയും സഹോദരങ്ങളെയും സ്നേഹിച്ചുകൊണ്ട് ദൈവസ്നേഹത്തിന്റെയും സഹോദര സ്നേഹത്തിന്റെയും പൂർണതയായ വിശുദ്ധിയിലേയ്ക്കു വളരണം.
- ❖ ദൈവത്തിന്റെ വിശുദ്ധിയുടെ ഏറ്റവും വലിയ ഗുണവിശേഷമാണ് അവിടുത്തെ കരുണ.
- ❖ ഈശോയോടു കൂടെയായിരിക്കുക എന്നതാണ് വിശുദ്ധി പ്രാപിക്കാനുള്ള ഒന്നാമത്തെ മാർഗം.
- ❖ തിന്മയെ നന്മകൊണ്ടു ജയിക്കുന്ന ക്രിസ്തീയസ്നേഹമാണ് വിശുദ്ധിയുടെ അളവുകോൽ.
- ❖ നമ്മെ വിശുദ്ധിയിൽ വളർത്തുന്ന അമ്മയാണ് സഭ.
- ❖ ദൈവത്തിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ ഹിതമനുസരിച്ചു ജീവിക്കുന്നതു വഴിയാണ് നമ്മൾ അനുദിനജീവിതത്തിൽ വിശുദ്ധി പ്രാപിക്കുന്നത്.

**b) മനോഭാവം**

- ❖ വിശുദ്ധരാകാനുള്ള ആഗ്രഹം
- ❖ ആദ്ധ്യാത്മികകാര്യങ്ങളിലുള്ള താൽപര്യം

**c) ശീലം**

- ❖ മാതൃകാപരമായജീവിതം നയിക്കുന്നു.
- ❖ മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞു സഹായിക്കുന്നു.

## III ബോധനോപാധികൾ

വിശുദ്ധരുടെ ചിത്രങ്ങൾ, ദൈവവചന കാർഡുകൾ, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

## IV പാഠാവതരണം

മോശയ്ക്ക് മുൾപ്പടർപ്പിൽ ലഭിച്ച ദർശനത്തെക്കുറിച്ചുള്ള ദൈവ വചനം വായിച്ച് ചർച്ച ചെയ്തുകൊണ്ട് ക്ലാസ് ആരംഭിക്കുന്നു. വിശുദ്ധരുടെ ചിത്രങ്ങൾ കാണിച്ചുകൊണ്ട് ഓരോ വിശുദ്ധരിലും കാണുന്ന പ്രത്യേകതകൾ ചർച്ച ചെയ്യുന്നു. അനുദിന ജീവിതത്തിൽ ദൈവഹിതം നിറവേറ്റുന്നവരാണ് വിശുദ്ധരാകുന്നത് എന്ന സത്യം മനസ്സിലാക്കിക്കൊടുക്കുന്നു.

## V പാഠബന്ധിത പ്രവർത്തനങ്ങൾ

രണ്ടാം പാഠത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ചെയ്യുന്നു.

**ഉത്തരം കണ്ടെത്താം**

1. പേജ് 101 ഖണ്ഡിക 1.
2. പേജ് 101 ഖണ്ഡിക 2,3.
3. പേജ് 103.
4. പേജ് 104 ഖണ്ഡിക 1.
5. പേജ് 104 ഖണ്ഡിക 2,3.

## VI അനുബന്ധിത പ്രവർത്തനങ്ങൾ

ജീവിതത്തിന്റെ വിവിധ തുറകളിൽ പ്രവർത്തിക്കുന്നവരിൽ നിന്നും മാതൃകാപരമായി ജീവിക്കുന്ന ഏതാനും പേരുടെ ലിസ്റ്റു തയ്യാറാക്കുക. അവരിൽ തെളിവാർന്നു നിൽക്കുന്ന നന്മകൾ എഴുതുക.

## 15

# നവയുഗസൃഷ്ടിക്കായ് അണിചേരാം

## I ആമുഖം

ശാന്തിയും സന്തോഷവും നിറഞ്ഞ ഒരു പുതുയുഗം സ്വപ്നം കാണുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നവരാണ് അധികവും. ഈ പുതുയുഗസൃഷ്ടിയിൽ കത്തോലിക്കാസംഘടനകൾക്കുള്ള പങ്ക് മനസ്സിലാക്കാനും പ്രായാനുസരണം തങ്ങൾക്കു പങ്കുചേരാനുള്ള സംഘടനകളിൽ സജീവമായി പ്രവർത്തിക്കാനും കുട്ടികൾക്കു പ്രേരണ ലഭിക്കത്തക്കവിധം ഈ പാഠം അവതരിപ്പിക്കണം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ❖ അസമാധാനം നിറഞ്ഞ ലോകത്തിൽ സമാധാനദാതാവായ ഈശോയെ നൽകിക്കൊണ്ട് ഒരു പുതിയ യുഗം സൃഷ്ടിക്കുവാൻ ക്രൈസ്തവർ കടപ്പെട്ടിരിക്കുന്നു.
- ❖ സഭാമക്കളുടെ പരിശീലനത്തിനും സാക്ഷ്യംവഹിക്കലിനും സഹായകമാകത്തക്കവിധം ശിശുപ്രായം മുതൽ വിവിധ സംഘടനാപ്രവർത്തനങ്ങളിൽ ക്രൈസ്തവർ പങ്കുകാരാക്കപ്പെടുന്നു.
- ❖ തിരുബാലസഖ്യം, ചെറുപുഷ്പ മിഷൻലീഗ്, സി.എൽ.സി, കെ.സി.എസ്.എൽ, കെ.സി.വൈ.എം, എ.കെ.സി.സി, മാതൃപിതൃസംഘടനകൾ, വിൻസന്റ് ഡി.പോൾ എന്നിവയെല്ലാം നമ്മെ ഈശോയിൽ വളർത്തുന്ന സംഘടനകളാണ്.
- ❖ സംഘടനകൾപോലെതന്നെ ഇടവകയുടെ സജീവത്വത്തിനും വളർച്ചയ്ക്കും സഹായകമായവയാണ് കുടുംബകൂട്ടായ്മകൾ.
- ❖ ഈ സംഘടനകളുടെയും കൂട്ടായ്മകളുടെയുമെല്ലാം ലക്ഷ്യം സഭയെ പടുത്തുയർത്തുകയാണ്.

**b) മനോഭാവം**

- ❖ കത്തോലിക്കാസംഘടനാപ്രവർത്തനങ്ങളിൽ താല്പര്യം
- ❖ കുടുംബകൂട്ടായ്മകളോടു സഹകരണം.

**c) ശീലം**

- ❖ സംഘടനാപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നു.
- ❖ കുടുംബകൂട്ടായ്മകളിൽ പങ്കെടുക്കുകയും മറ്റുള്ളവരെ അതിനായി പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു.

## III ബോധനോപാധികൾ

ഇടവകയിലെ സംഘടനകളുടെ പ്രവർത്തനങ്ങളുടെ ചിത്രങ്ങൾ, ദൈവവചന കാർഡുകൾ, വിശുദ്ധ ഗ്രന്ഥം, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

## IV പാഠാവതരണം

ഇടവകയിലെ വിവിധ സംഘടനകളെക്കുറിച്ചും ഇടവകയ്ക്ക് അവ വഴി ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ചും ചർച്ചചെയ്തുകൊണ്ട് ക്ലാസ് ആരംഭിക്കാം. കുടുംബകൂട്ടായ്മാലീഡേഴ്സുമായി ഒരു അഭിമുഖം നടത്തി അവയുടെ ലക്ഷ്യപ്രാപ്തിക്കായി ഇനി എന്തൊക്കെ ചെയ്യണമെന്നു ചർച്ച ചെയ്യാം. ഓരോ പ്രായത്തിനും അനുസൃതമായുള്ള സംഘടനകളിൽ പങ്കെടുക്കേണ്ടതിന്റെ ആവശ്യകത വിശദമാക്കാം.

## V പാഠബന്ധിത പ്രവർത്തനങ്ങൾ

രണ്ടാം പാഠത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ചെയ്യുന്നു.

**ഉത്തരം കണ്ടെത്താം**

1. പേജ് 108 ഖണ്ഡിക 1.
2. പേജ് 108 ഖണ്ഡിക 3.
3. പേജ് 109 ഖണ്ഡിക 2 മുതൽ പേജ് 110 അവസാനം വരെ.
4. പേജ് 111 ഖണ്ഡിക 2.
5. പേജ് 113.

## VI അനുബന്ധിത പ്രവർത്തനങ്ങൾ

നിങ്ങളുടെ ഇടവകയിലെ സംഘടനാപ്രവർത്തനങ്ങളുടെ ചിത്രങ്ങൾ സമാഹരിച്ച് ഒരു ആൽബം തയ്യാറാക്കുക.